Vol. II.) February 1931. (No. 2.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ.

ക.	വിഭ്രതിത്തിരുനാൾ	ന്ധ.
ഖ.	വി. ഫ്രാൻസീസിന്റെ നോമ്പും ഏകാന്തവും	ന്ധന്യ.
ന്ധ.	അന്ത്യനേരത്തു് (കഥ)	ന്ധ ഭ.
ര.	ദേവാലയാചാരങ്ങൾ	ര ന്ധ.
ഭ.	ഈശോമിശിഹായോടുള്ള പ്രായോഗികസ്നേഹം	ര ര.
ന്യ.	എന്റെ അപേക്ഷ (പദ്യം)	ഭ ക.
ഭ.	പൊതുനിയോഗം	ഭ ഖ.
വ്യ.	അമേരിക്കയെക്കുറിച്ചു	ഭ ര.
ൻ.	വ്യവസായക്കുറിപ്പുകൾ	ന്യ ഠ.
കഠ.	ജാലവിദ്യകൾ	ന്യ ഖ.
കക.	കുറിപ്പുകളും വാർത്തകളും	ന്യന്ധ.
കഖ.	പരസ്യങ്ങൾ	
കന്ധ.	പഞ്ചാംഗം	

മാന്യവരിക്കാർ അറിവാൻ.

ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ ഈ മാസികയുടെ വരിപ്പണം പിരിക്കുന്നതിന് മി. കണ്ടത്തിപ്പറമ്പിൽ ഔസേപ്പ് ശൌരിയെ കുമ്പളങ്ങി, അണ്ടിക്കടവു, ചെല്ലാനം, എടക്കൊച്ചി, കൊച്ചി, ബ്രി. കൊച്ചി എന്നീ സ്ഥലങ്ങളിലേക്കു നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു് മാന്യവരിക്കാർ അയാൾക്കു അനാവശ്യതാമസത്തിനു ഇടവരുത്താതെ പണം കൊടുത്തു് മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളേണ്ടതാണു്.

മാനേജർ.



എന്റെ ദൈവവും എന്റെ സർവ്വവും.

— വി. ഫ്രാൻസീസ് അസ്സീസി.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨.)　　ഫെബ്രുവരി ൧൯൨൫.　　(ലക്കം ൨.

വിഭ്രതിത്തിരുനാൾ.

നോമ്പിന്റെ ആരംഭത്തോടടുക്കുടി വിഭ്രതി തിരുനാളും നാം ആചരിച്ചുവരുന്നു. വൈദികൻ "മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേക്കു നീ പിന്തിരിയുമെന്നോർത്തുകൊൾക" എന്നു ഓർമ്മിപ്പിച്ചുകൊണ്ടു നമ്മുടെ നെറിമേൽ ഭസ്മം പൂശുന്നു. ഒരു ദിവസം നാം മരിക്കേണ്ടിവരുമെന്നുള്ള ഓർമ്മ നമ്മുടെ മനസ്സിൽ ശക്തിയായി പതിയുവാൻ ഇതു ഇടവരുത്തുന്നുണ്ടു്. മരണത്തെക്കുറിച്ചുള്ള സ്മരണ നമുക്കുണ്ടാകുക തന്നെ അപൂർവ്വമാണു്. നാം ദിവസംപ്രതി കണ്ടുവരുന്ന ഒരു സംഗതിയാണു് അതു. നമ്മുടെ സ്നേഹിതന്മാരും ബന്ധുക്കളും പരിചിതന്മാരും നമ്മെ വിട്ടുപിരിഞ്ഞുപോകുന്നു. നാം അതേപ്പറ്റി ദുഃഖിക്കുന്നുമുണ്ടു്. അവരുടെ അഭാവം നമുക്കു് ദുസ്സഹമായി തോന്നുന്നു. മണ്ണിൽ നിന്നും ഉരുവാക്കപ്പെട്ട മനുഷ്യനെ മണ്ണിൽ തന്നെ കുഴിച്ചുമൂടുന്നതും നാം കാണാറുണ്ടു്. പക്ഷേ അതുകൊണ്ടൊന്നും നമുക്കു ഒരു കുലുക്കവുമില്ല. മരണത്തെക്കുറിച്ചുള്ള ഓർമ്മ തന്നെ വളരെ അസുഖകരമായിട്ടുള്ളതാണു്. നാം സുഖസന്തോഷങ്ങളന്വേഷിച്ചു സ്വാതന്ത്ര്യമായി നടക്കുന്ന സന്തതികളാണു്. ഇത്തരം കാര്യങ്ങളെക്കുറിച്ചു വിചാരിക്കാൻ നമുക്കു സമയമില്ല. നാ

മ്മുടെ ആത്മകാര്യത്തെക്കുറിച്ചുള്ള ആലോചനകളെല്ലാം നാം നാളേയ്ക്ക് നീട്ടിവെക്കുന്നു. എന്നാൽ നമ്മിൽ പലക്കും 'നാളെ' ലഭിക്കുന്നില്ലെന്നു സത്യം സമ്മതിച്ചേതീരൂ.

നോമ്പുകാലം പ്രായശ്ചിത്തത്തിന്റെ ഒരവസരമായിട്ടു നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഈ ലോകസന്തോഷങ്ങളെ കുറെ നാളത്തേക്കു വിസ്മരിച്ചു ദൈവപ്രമാണങ്ങളെ ലംഘിച്ചതിനു പ്രാർത്ഥനയാലും ഉപവാസത്താലും പരിഹാരം ചെയ്യുവാൻ തിരുസ്സഭ നമ്മോടു് ഉപദേശിക്കുന്നു. സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകളെ നമുക്കു തുറന്നു് തരുന്നതിനായി തിരുഅവതാരം ചെയ്ത നമ്മുടെ ദിവ്യ രക്ഷകന്റെ കഷ്ടാനുഭവങ്ങളേയും കുരിശുമരണത്തേയും നമ്മുടെ ചിന്താവിഷയമാക്കുന്നതിനു തിരുസ്സഭ നമ്മോടു ആവശ്യപ്പെടുന്നു. ആദത്തിന്റേയും നമ്മുടേയും പാപങ്ങൾക്കു വേണ്ടിയാണു് ദൈവപുത്രൻ ഭൂമിയിൽ മർത്യവതാരം ചെയ്തു സംശയിക്കപ്പെടുന്നതിനും അപഹസിക്കപ്പെടുന്നതിനും ഉപദ്രവിക്കപ്പെടുന്നതിനും ഒടുവിൽ ക്രൂശിക്കപ്പെടുന്നതിനും തന്നെത്താൻ സമ്മതിച്ചതെന്നു വീണ്ടും വീണ്ടും തിരുസ്സഭ നമ്മോടു ഉണർത്തിച്ചുകൊണ്ടിരിക്കുന്നു.

തിരുസ്സഭ ഉപവാസവും പ്രായശ്ചിത്ത പ്രവൃത്തികളും നിശ്ചയിച്ചുകൊണ്ടു നമ്മെ സുകൃതന്മാരാക്കുന്നതിനു് ശ്രമിക്കുന്നു. ദുഃഖകാലത്തെ നമ്മെ അനുസ്മരിപ്പിക്കുന്നതിനു വേണ്ടി റോയിസ്സ് നിറമുള്ള വസ്ത്രം വൈദികൻ വി. കുർബ്ബാനയിൽ ഉപയോഗിക്കുന്നു. അലങ്കാരാഡംബരങ്ങളൊന്നും ഇക്കാലത്തു ദേവാലയത്തിൽ കാണുകയില്ല. ഇതെല്ലാം കഷ്ടാനുഭവചരിത്രത്തെ നമ്മുടെ മനസ്സിൽ നല്ലപോലെ പതിക്കുന്നതിനുവേണ്ടിയാണു്.

തപസ്സുകാലത്തെപ്പറ്റിയുള്ള സ്മരണ നമ്മിൽ എത്രപേർക്കുണ്ടു് ഉണ്ടായിട്ടുള്ളതു്? സുഖഭോഗങ്ങളെ കുറിച്ചുള്ള ചിന്തയെ വിസ്മരിച്ചു ആദ്ധ്യാത്മികാഭിവൃദ്ധിയെപ്പറ്റി ആലോചിക്കുന്നതിനു നമ്മിൽ എത്രപേരാണു് ശ്രമിച്ചിട്ടുള്ളതു് ? വളരെ കുറച്ചുപേർ മാത്രമേയുള്ളുവെന്നു ദുഃഖസമേതം പറയേണ്ടിയിരിക്കുന്നു. ആധുനിക കാലത്തിലെ ആകർഷണീയങ്ങളായ പല പൈ

ഭൗതിക സന്തോഷങ്ങളിലും നാം സംതൃപ്തികണ്ടെത്തുന്നു! നമ്മുടെ കാവൽമാലാഖയുടെ ഉപദേശത്തെ നാം ശ്രദ്ധിക്കുന്നില്ല. നിണമണിഞ്ഞു കിടക്കുന്ന ക്രൂശിക്കപ്പെട്ട മ്ശിഹായെ നാം കണ്ടതായി ഭാവിക്കുന്നില്ല.

മുൻപ്രസ്താവിച്ചതെല്ലാം വാസ്തവമാണെന്നു തെളിയിക്കാൻ ഇന്നത്തെ സ്ഥിതിഗതികളെപ്പറ്റി അല്പം ആലോചിച്ചാൽമതി. മദ്യപാനം, ചൂതുകളി, കവർച്ച, വ്യഭിചാരം, കൊലപാതകം മുതലായ പാപകർമ്മങ്ങൾക്ക് പ്രതിദിന പത്രങ്ങളിൽ ഒരു പ്രധാന സ്ഥാനം ലഭിച്ചിരിക്കുന്നതു നോക്കുക! പണ്ഡിതാഗ്രേസരന്മാരെന്നഭിമാനിക്കുന്ന ചില പ്രമാണികരും ഈ ദുരവസ്ഥയ്ക്കു പല കാരണങ്ങളും പറയാറുണ്ട്. എന്നാൽ ഇതിനുള്ള ഒരേകകാരണം സർവ്വശക്തനായ ദൈവത്തെ വിസ്മരിച്ചതാണ്. നമ്മുടെ പള്ളിക്കൂടങ്ങളിലും കോളേജുകളിലും നിന്നു ക്രിസ്തുവിന്റെ പഠനത്തെ ബഹിഷ്കരിക്കയും തൽസ്ഥാനത്തു മനുഷ്യനിർമ്മിതമായ ജ്ഞാനത്തെ പ്രതിഷ്ഠിക്കയും ചെയ്തവരുന്നു. ഇതിന് ഇപ്പോൾതന്നെ നാം എന്തെങ്കിലും പരിഹാരം ചെയ്യാത്തപക്ഷം ആസന്നഭാവിയിൽ ഒരുകൂട്ടം തത്വജ്ഞാനികളെ അടുത്ത ഭാവിയിൽ നമുക്കു ലഭിക്കുന്നതായിരിക്കും.

അതുകൊണ്ടു നിർഭാഗ്യവാന്മാരായ പാപികൾ അവരുടെ പാപവഴികളിൽ നിന്നും ഇപ്പോൾതന്നെ പിന്തിരിയുന്നതിന് ദൈവാനുഗ്രഹം അവരുടെ മേൽ ധാരാളമായി വർഷിപ്പാൻ പരമകാരുണികനായ ദൈവത്തോടു ഈ നോമ്പുകാലത്തിൽ നമുക്കു പ്രാർത്ഥിക്കാം. ദൈവത്തെ വിസ്മരിക്കുന്നതിന് ഇതര രാജ്യങ്ങളെപ്പോലെ നമ്മുടെ ഈ നാട്ടിനും നിർഭാഗ്യമുണ്ടാകാതിരിപ്പാൻ നാം പ്രാർത്ഥിക്കണം. അവസാനമായി ദൈവപ്രമാണങ്ങളേയും തിരുസ്സഭയുടെ കല്പനകളേയും വിശ്വസ്തതയോടെ അനുസരിക്കുന്നവർക്കു ഒരുക്കിവെച്ചിരിക്കുന്ന സമ്മാനത്തിന് നാമും അർഹരായിത്തീരത്തക്കവണ്ണം ദൈവാനുഗ്രഹാവിലൂടെ നമ്മുടെ ജീവിതം നയിക്കുന്നതിന് ഇടവരുത്തുവാൻ നാം സദാ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

വി. ഫ്റാൻസീസ് അസ്സീസിയുടെ

നോമ്പും ഏകാന്തവും.

ഇറാലിയിൽ പെരുഗിയാ നഗരത്തിനു സമീപം ഒരു തടാകവും തടാകത്തിന്റെ മദ്ധ്യത്തിൽ ഒരു ദ്വീപും ഉണ്ട്. ഒരു ദിവസം രാത്രി രണ്ടാളുകൾ ഒരു ചെറിയ വള്ളത്തിൽ ആ ദ്വീപിൽ വന്നിറങ്ങി. അവർ രണ്ടപ്പവും കൊണ്ടുവന്നിരുന്നു. വന്നവരിൽ ഒരാൾ ഫ്റാൻസിസ് പുണ്യവാളൻ ആയിരുന്നു. നാല്പതു ദിവസത്തെ നോമ്പു, അവിടെ താമസിച്ചു ഉപവാസത്തിൽ കഴിക്കാൻ നിശ്ചയിച്ചാണ് അദ്ദേഹം വന്നതു. ജീവസന്ധാരണത്തിനുവേണ്ടി നാല്പതു ദിവസത്തെ ഭക്ഷണത്തിനായിട്ടായിരുന്ന രണ്ടപ്പവും കൊണ്ടുവന്നതു.

അവിടെ വന്നിറങ്ങിയ ഉടനെ കൂട്ടുകാരൻ വള്ളവും കൊണ്ടു മടങ്ങിപ്പോയി. ഫ്റാൻസീസ് പുണ്യവാളൻ ദ്വീപിലുള്ള ഒരു ഗുഹയിൽ ചെന്നിരുന്നു നാല്പതു ദിവസവും ധ്യാനത്തിലും പ്രാർത്ഥനയിലും കഴിച്ചു. ഈ സമയത്തിനുള്ളിൽ അദ്ദേഹം ഒരപ്പത്തിന്റെ പാതി മാത്രമേ തിന്നുള്ളൂ.

ഫ്റാൻസീസ് പുണ്യവാളന്റെ ഉപവാസവൃത്താന്തം പരസ്യമായപ്പോൾ ജനങ്ങൾ വന്നുകൂടി വീടുകൾ പണിയിച്ചു, അവിടെ താമസമാക്കി. ഫ്റാൻസീസിനും ശിഷ്യന്മാർക്കും താമസിക്കാൻ ഒരാശ്രമവും ഉണ്ടാക്കിക്കൊടുത്തു. ഇങ്ങനെ ആ സിദ്ധന്റെ സാന്നിദ്ധ്യത്താൽ പരിശുദ്ധമായ ആ സ്ഥലത്തു ഒരു ഗ്രാമം ഉണ്ടായി.

ഈ വിശുദ്ധപുരുഷനു പക്ഷികൾ വളരെ പ്രിയമായിരുന്നു എന്നു അദ്ദേഹത്തിന്റെ ചരിത്രത്തിൽ പറഞ്ഞിരിക്കുന്നു. പക്ഷികൾ തന്റെ സോദരിമാരാണെന്നു അദ്ദേഹം പറഞ്ഞുവന്നു. അദ്ദേഹത്തിന്റെ ശബ്ദം കേൾക്കുമ്പോൾ അനവധി പക്ഷികൾ അദ്ദേഹത്തിന്റെ ചുറും ഭയംകൂടാതെ വന്നുകൂടുകയും

അദ്ദേഹം അവയോടു സംസാരിക്കയും ചെയ്യും.

"എന്റെ ചെറിയ സഹോദരിമാരേ, നിങ്ങൾ വിതെക്കയൊ കൊയ്യുകയൊ ചെയ്യുന്നില്ല. എന്നാൽ ദൈവം നിങ്ങളെ പോറ്റുന്നു. നിങ്ങൾക്കു കുടിക്കാൻ സച്ഛജലമുള്ള അരുവികളും ക്രൂടകെട്ടി പാർക്കാൻ വൃക്ഷങ്ങളും ഉണ്ടു. നിങ്ങൾക്കു നെയ്യാനും തുന്നാനും കഴികയില്ല, എങ്കിലും ദൈവം നിങ്ങളെ വിശേഷവസ്ത്രം ധരിപ്പിച്ചിരിക്കുന്നു. ദൈവത്തെ നന്ദിയുള്ള ഹൃദയത്തോടെ ആരാധിക്കേണ്ടതാകുന്നു" എന്നായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗസാരം.

അദ്ദേഹം സംസാരിക്കുമ്പോൾ പക്ഷികൾ ശബ്ദമൊന്നുമുണ്ടാക്കാതെ നില്ക്കുന്നതു കണ്ടാൽ അവർ പ്രസംഗം ശ്രദ്ധയോടെ കേൾക്കയാണെന്നു തോന്നും. അദ്ദേഹം സംസാരം നിറുത്തി കുരിശടയാളം കാണിക്കുമ്പോൾ പക്ഷികൾ ക്രൂരംക്രൂരമായി നാലു ദിക്കിലേക്കും പറന്നുപോകും.

സജ്ജനങ്ങളുടെ വിചാരങ്ങൾ അവരുടെ വാസസ്ഥലത്തു തന്നെ നില്ക്കാതെ ലോകമെങ്ങും വ്യാപിക്കയും അവരുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും എല്ലാവരും അംഗീകരിച്ചു ഉപകാരപ്രദമാക്കുകയും ചെയ്യുന്നു. **Y. N. P.**

അന്ത്യനേരത്തു്.

ശരല്ക്കാലത്തിലെ ഒരു രാത്രി കെറിയാ സംസ്ഥാനത്തിലെ ജനനിവാസമില്ലാത്ത ഒരു മലപ്രദേശത്തുക്കൂടി രണ്ടു യാത്രക്കാർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇടിയും കൊട്ടുകാറ്റും മഴയും ക്രൂരിരിട്ടും സമ്മേളിച്ചുണ്ടായ ആ രാത്രിയിൽ അകപ്പെട്ടുപോയ പാന്ഥന്മാരുടെ അവസ്ഥ അസാധാരണമായ ഒന്നുതന്നെയാണു്. കാറിന്റെ ഉഗ്രത നിമിത്തം യാത്ര തുടരുന്നതിനു നിവൃത്തിയി

ല്ലാതെ വന്നിരിക്കുന്നു. നാനാഭാഗങ്ങളിലും മഴവെള്ളം ശക്തിയായി കുത്തിയൊലിച്ചുകൊണ്ടിരിക്കുന്നതു്. മഴകൊണ്ടു നനഞ്ഞ തൊപ്പിയും ഉടുപ്പും അവരുടെ യാത്രയ്ക്കു ഒരു വലിയ പ്രതിബന്ധമാണു്. അവരുടെ ഓരോ കാലടിയും അത്യന്തശങ്കയോടുകൂടെ മുമ്പോട്ടു വെക്കേണ്ടതായി വന്നിരിക്കുന്നു.

യാത്രക്കാർ ആ ദിക്കിൽ സഞ്ചരിച്ചു പരിചയമില്ലാത്തവരാണു്. അന്നു ദിവസം മുഴുവനും യാത്രചെയ്തതിനാലുണ്ടായ ക്ഷീണമോ കാലുകളുടെ വേദനയോ പറയാനുമില്ല. ഈ സംഭവം നടന്നകാലത്തു, ഈ പാന്ഥന്മാരുടെ ഉദ്യോഗം രാജനിയമപ്രകാരം ആ രാജ്യത്തു വലിയ ശിക്ഷയെ അഹ്വാനംചെയ്യുന്ന ഒന്നായിരുന്നു. ക്ഷീണം നിമിത്തം ഒരടിപോലും മുമ്പോട്ടുവെയ്ക്കാൻ പാടില്ലെന്നായപ്പോൾ അവർക്കു ഒരു പടിപ്പുരയും അവിടെനിന്നു ഒരു ഇടവഴിയും അതിന്റെ അവസാനത്തിൽ ഒരു വെളിച്ചവും പ്രത്യക്ഷമായി. അപ്പോൾ മൂത്തയാൾ "സഹോദരാ, ഇനി മുമ്പോട്ടു പോകാൻ നമുക്കു സാധിക്കയില്ല. ഇവിടെ എങ്ങാനും ഒരു വീടു നമുക്കു് അന്വേഷിക്കാം. ഈ ഭയങ്കരമായ രാത്രിയിൽ താമസിക്കാൻ സ്ഥലം തരാത്ത ഒരു ക്രിസ്ത്യാനിയെപ്പോലും നാം ഇവിടെ കാണുകയില്ല" എന്നു പറഞ്ഞു. കുട്ടകാരന്റെ സമ്മതത്തോടുകൂടെ രണ്ടുപേരും പടിപ്പുര കടന്നു ഇടവഴിയിൽക്കൂടി ചെന്നപ്പോൾ മുറിക്കകത്തു കുത്തിവിളക്കുന്ന വിളക്കുകൾ അവർക്കു പ്രത്യക്ഷമായി. കുറെക്കൂടെ ചെന്നപ്പോൾ മൂന്നു നാലു പട്ടികൾ ഉറക്കെ കുരച്ചുകൊണ്ടു പുറത്തേക്കു വരുന്നതാണു അവർ കണ്ടതു്. ആ പട്ടികളുടെ പുറകെ വന്ന ഒരു വൃദ്ധനായ വേലക്കാരൻ ആ അപരിചിതന്മാരെ കണ്ടയുടനെ അല്പനേരം വിസ്മയിച്ചുനിന്നുപോയി. അവരുടെ അപേക്ഷയെ അല്പം ഭയത്തോടുകൂടെ അവർ അറിയിച്ചപ്പോൾ അവൻ വ്യസനസമേതം സംശയഭാവത്തിൽ തലകുലുക്കി: "എന്താണെ പറയേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. എന്റെ യജമാനനു് അപരിചിതന്മാരെ അത്ര പഥ്യമല്ല. അദ്ദേഹമില്ലാത്തപ്പോൾ വല്ലവരേയും ഞങ്ങൾ കയറി താമസിപ്പിച്ചാൽ അതു് വിഷമത്തിനിടയായിത്തീരും." എ

൫൯ പറഞ്ഞു.

യാത്രക്കാരുടെ ആശയെല്ലാം അവസ്സമിച്ചു. ഉടനെതന്നെ ഈ സംഭാഷണം കേട്ടുകൊണ്ടിരുന്ന ഒരു സ്ത്രീ അവിടെവന്ന വിനയപുരസ്സരം ഇപ്രകാരം പറഞ്ഞു:-

"ഡെർമോട്ടേ, മിണ്ടാതിരിക്കൂ നിന്റെ യജമാനനെക്കുറിച്ചു ചീത്തപറയാൻ നിനക്കു ലജ്ജയില്ലല്ലൊ. ഇങ്ങിനെയുള്ള ഒരു രാത്രി അദ്ദേഹം ആക്കും ഇവിടെ സ്ഥലം കൊടുക്കുന്നതായിരിക്കും" അവർ യാത്രക്കാരുടെ നേരെ തിരിഞ്ഞു "മാന്യന്മാരേ, അകത്തു പ്രവേശിക്കാം. ഇവിടെയുള്ള സാധനങ്ങളെല്ലാം നിങ്ങളുടെ സ്വന്തംപോലെ ഉപയോഗപ്പെടുത്താം." എന്നുകൂടി പ്രസ്താവിച്ചു.

തണുപ്പും ക്ഷീണവുംകൊണ്ടു അല്പപ്രാണന്മാരായ യാത്രക്കാരെ ഒരു വലിയ അഗ്നികുണ്ഡലത്തിങ്കലേക്കു അവർ ആനയിച്ചു. അവർ അവിടെവച്ചു തങ്ങളുടെ നനഞ്ഞ വസ്ത്രവും തൊപ്പിയും മാറി ആനന്ദമായ ചൂടേറ്റു ശക്തരായി തുടങ്ങി. പ്രകാശമുള്ള വെളിച്ചം അവരുടെ തലയിലെ വൈദികപട്ടത്തെ പ്രത്യക്ഷമാക്കി. അതു കണ്ടവരെല്ലാം അവർ വൈദികരാണെന്നു തിരുമാനിച്ചു.

"ഓ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമെ." എന്നു ആ വൃദ്ധൻ വിളിച്ചുപറഞ്ഞു. ആ സ്ത്രീ ജീവച്ഛവംപോലെ അവിടെനിന്നു കരയുവാൻ തുടങ്ങി. താപസന്മാരെന്നു തോന്നിക്കുന്ന ഈ യാത്രക്കാരിൽ മൂത്തവന്റെ കാല്ക്കൽ അവർ വീണു. "ഓ, പിതാവേ, ഞാൻ ചെയ്തതെല്ലാം ക്ഷമിക്കണമെ, നിങ്ങൾ വൈദികരാണു്. എന്റെ ഭർത്താവു വൈദികരെ വെറുക്കുന്നവനാണു്. അയാൾ ഇപ്പോൾ വരുകയാണെങ്കിൽ അയാളുടെ കോപത്തിൽനിന്നും ഞാൻ നിങ്ങളെ എങ്ങിനെ രക്ഷിക്കും. ഞാൻ ഇനി ചെയ്യേണ്ടതു് എന്താണു്?" എന്നു ചോദിച്ചു.

ആ സ്ത്രീയുടെ പരിഭ്രമം വലുതായിരുന്നു. അതിൽനിന്നു ഒട്ടും കുറവല്ലായിരുന്നു വൃദ്ധന്റേതു്. തങ്ങളുടെ താമസം അവിടെ അഭിലഷണീയമല്ലെന്നു കണ്ടു കൊടുങ്കാറ്റും മഴയും ഇരുട്ടും

അവഗണിച്ചു അവർ പുറത്തിറങ്ങാൻ ശ്രമിച്ചു. എന്നാൽ ആ സ്ത്രീ അവരെ പോകുവാൻ അനുവദിച്ചില്ല. ദൈവഭാസന്മാരെ അവളുടെ ഗൃഹത്തിൽനിന്നും പറഞ്ഞയക്കുന്നതിൽ ഭേദം താൻ എന്തെങ്കിലും സഹിക്കുന്നതാണുത്തമമെന്നു അവൾ വിചാരിച്ചു. തനിക്കെന്തുവന്നാലും മറ്റുള്ളവർ നിന്ദയും അപമാനവും അനുഭവിക്കേണ്ടിവരുന്നതു അവൾക്കു അസഹ്യമായിരുന്നു. കുറച്ചുനേരത്തെ ആലോചനയുടെശേഷം പട്ടക്കാരെ അറപ്പുരയിൽ ആക്കുന്നതാണു നല്ലതെന്നു അവൾ തീർച്ചയാക്കി. ധൃതിയിൽ വേണ്ട ഒരുക്കങ്ങളെല്ലാം അവിടെ ചെയ്തശേഷം രാത്രികഴിക്കുന്നതിനു ആ ഗൃഹനായിക അവരെ അവിടെ കൊണ്ടുചെന്നാക്കി "നല്ലരാത്രി"യും സവ്യഥം ആശംസിച്ചുകൊണ്ടു ഇറങ്ങിപോന്നു. ഇതിലും ഒരു നല്ലസ്ഥലം ആ പുണ്യപുരുഷന്മാർക്കു കൊടുക്കാൻ സാധിക്കാത്തതിൽ അവൾക്കു വളരെ വ്യസനമുണ്ടായി. എന്നാൽ അഥിതികൾ മറെറാന്നും തങ്ങൾക്കു ആവശ്യമില്ലെന്നു ഉറപ്പുപറഞ്ഞു. ദൈവത്തിൽ ആശ്രയിച്ചു സന്തോഷമായിരിപ്പാൻ ഉപദേശിച്ചുകൊണ്ടു അവരുടെ അനുശീർവ്വാദവും നല്കി ആ സ്ത്രീയെ പറഞ്ഞയച്ചു.

അവളുടെ ഭർത്താവു ഒരു നാമമാത്ര കത്തോലിക്കനാണെന്നു ആ സ്ത്രീയിൽനിന്നു അവർ ധരിക്കാനിടയായി. ആ മനുഷ്യൻ ചെറുപ്പത്തിൽതന്നെ ദുർമ്മാർഗ്ഗികളുമായുള്ള സഹവാസം നിമിത്തം മതസംബന്ധമായ എല്ലാ നടപടികളും ഉപേക്ഷിച്ചു ഒരു മാതിരി നിരീശ്വരനായിത്തീർന്നു. പള്ളിയോടും പട്ടക്കാരനോടും മതസംബന്ധമായ സകലതിനോടും അയാൾക്കുള്ള വിരോധം വിവരിക്കാതിരിക്കയാണു് ഉത്തമം. നേരെമറിച്ചു അയാളുടെ ഭാര്യ ഒരു നല്ല ഭക്തയും അവളുടെ ഭർത്താവിന്റെ ആസന്മാർഗ്ഗിക നടപടിയെപ്പറ്റി വളരെ ദുഃഖത്തോടെ ജീവിതം കഴിക്കുന്നവളുമായിരുന്നു. വളരെ കൊല്ലങ്ങളായി അവളുടെ കണ്ണുനീരും പ്രാർത്ഥനയും ആ മനുഷ്യന്റെമേൽ ദൈവാനുഗ്രഹമുണ്ടാകുന്നതിനുവേണ്ടി അവൾ കാഴ്ചവെച്ചുകൊണ്ടു വരികയായിരുന്നു.

ഗൃഹനായിക പോയതിന്റെശേഷം വളരെ സമയം പട്ട

ക്കാർ പ്രാർത്ഥനയിൽ ചിലവഴിച്ചു. കൊടുങ്കാറ്റു അണപോലും ശക്തികുറക്കാതെ അറപ്പുരയുടെ ചുറ്റും മുഴങ്ങിക്കൊണ്ടിരുന്നു. വളരെ ക്ഷീണിച്ചിരുന്നിട്ടും യാത്രക്കാർ ഉറങ്ങാനുള്ള ഭാവമൊന്നും കാണുന്നില്ല. ഏകദേശം രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ അറപുരയുടെ വാതിൽ തള്ളിത്തുറന്നു ഒരുത്തൻ വിളക്കുംകൊണ്ടു അകത്തു പ്രവേശിച്ചു. അവന്റെ മുഖം കോപത്താൽ വിരൂപമായിരുന്നു. അയാൾ നിസ്സഹായരായ പട്ടക്കാരോടു ഉടനെ സ്ഥലംവിട്ടു പൊയ്ക്കൊള്ളണമെന്നു അലറി. അയാളുടെ നിഴലെന്നോണം ഭാര്യയും കരഞ്ഞുകൊണ്ടു അവിടെ പ്രവേശിച്ചു. ദൈവശുശ്രൂഷികളെ ഈ ഭയങ്കരമായ രാത്രി തങ്ങളുടെ വീട്ടിൽനിന്നും പറഞ്ഞയക്കരുതെന്നു സാഷ്ടാംഗപ്രണാമംചെയ്തു ഭർത്താവിനോടു അപേക്ഷിച്ചു. അയാൾ അതൊന്നും കേൾക്കാതെ കോപാക്രാന്തനായി അവളോടു മിണ്ടാതിരിക്കുന്നതിനു കല്പിച്ചു. യാത്രക്കാരെ വീണ്ടും അയാൾ ശകാരവർഷംകൊണ്ടു സല്ക്കരിച്ചശേഷം ഉടൻ സ്ഥലം വിടുന്നതിനു ആജ്ഞാപിച്ചു.

യാതൊരു ഭാവഭേദവും കൂടാതെ ശാന്തതയോടെ അവിടെനിന്നും ഇറങ്ങിപ്പോകുന്നതിനു യാത്രക്കാർ ഒരുങ്ങി. മഴയത്തിറങ്ങുന്നതിനായി വാതിക്കൽ എത്തിയ പാന്ഥന്മാരിൽ മുമ്പൻ കൈയുയർത്തി മിണ്ടാതിരിക്കുന്നതിനു കോപിഷ്ടനായ ആ മനുഷ്യനോടു കല്പിച്ചു. അതിന്റെശേഷം അവന്റെ മതവിദ്വേഷത്തെക്കുറിച്ചു അവനെ ശാസിക്കയും ദൈവത്തെ ഏല്ലായ്പ്പോഴും നിന്ദിക്കാൻ ഇടവരികയില്ലെന്നു അവനെ അറിയിക്കയും ഇപ്പോൾ തന്റെ അനുഗ്രഹത്തിൽ അഭയം പ്രാപിക്കുന്നതിനു അവനോടു വളരെ വിനയത്തോടെ ഉപദേശിക്കയുംചെയ്തു.

ഒരു സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ടിരുന്ന ആ മനുഷ്യനിൽ ഒരു വലിയ ഭാവമാറ്റം ഉടനെ പ്രത്യക്ഷപ്പെട്ടു. ദൈവനീതിയുടെ ഭയങ്കരതയെപ്പറ്റി പറഞ്ഞുകൊണ്ടിരുന്ന വൈദികനെ ഭയഭക്തിപൂർവ്വം അയാൾ ശ്രവിക്കാൻ തുടങ്ങി. അവന്റെ തല താഴ്ത്തി മുഖം കൈകൊണ്ടുമൂടി ഏങ്ങി ഏങ്ങി കരയുവാൻ തുടങ്ങി. ഉപദേശം അവസാനിച്ചയുടനെ പുറത്തിറ

ങ്ങി നിന്നിരുന്ന തന്റെ കൂട്ടുകാരനുമൊന്നിച്ചു പോകുന്നതിനു വൈദികൻ നടന്നു തുടങ്ങി. ഉടനെ ആ വീട്ടുടമസ്ഥൻ കാല്ക്കൽ വീണു "പിതാവേ! പോകല്ലെ; എന്നോടു പൊറുക്കണമെ" എന്ന ദീനസ്വരത്തിൽ അപേക്ഷിച്ചു.

ഉടൻതന്നെ ആ പട്ടക്കാരൻ യാത്ര മതിയാക്കി അവിടെനിന്നു. ആ വീട്ടുകാരൻ വലിയ മനോവേദന അനുഭവിക്കുന്നുണ്ടെന്നു അയാളുടെ മുഖത്തുനോക്കിയാൽ അല്പം എളുപ്പത്തിൽ ഗ്രഹിക്കാം. വരപ്രസാദത്തിനു വിജയം ലഭിച്ചു. അയാളുടെ ഭാര്യ ദിവസത്തോറും പ്രത്യാശിക്കയും കരയുകയും ചെയ്തിരുന്ന കാര്യം ഇപ്പോൾ സാധിച്ചിരിക്കുന്നു.

"എന്റെ ദൈവമേ, എന്റെമേൽ കരുണയായിരിക്കണമെ." എന്നു അയാൾ ഉറക്കെ അപേക്ഷിച്ചു. താമസംവിനാ അടുത്തുനിന്നിരുന്നവർ കേൾക്കത്തക്കവിധം അയാളുടെ പാപങ്ങളെ മനസ്താപത്തോടും വിനയത്തോടുംകൂടെ പറയാൻ തുടങ്ങി. ദുഃഖാധിക്യത്താൽ കണ്ണീർ കവിൾത്തടങ്ങളിലൂടെ ഒഴുകി അവന്റെ പരുത്തിങ്കൽ കിടന്നിരുന്ന വസ്ത്രത്തിൽ വീണു.

ആ രാത്രി പട്ടക്കാരനു ഒരു അസാധാരണ സ്വപ്നം അഥവാ കാഴ്ചയുണ്ടായി. അദ്ദേഹം സർവ്വാധിപനായ ന്യായാധിപന്റെ മുമ്പാകെ നില്ക്കുന്നതായും വിധി പ്രസ്താവിക്കുന്നതിനായി ഒരു ആത്മാവിനെ ന്യായാസനത്തിൻ മുമ്പാകെ ഹാജരാക്കിയിരിക്കുന്നതായും കണ്ടു. അയാളുടെ ഭ്രഷ്ടലോകജീവിതം മുഴുവനും പാപപ്രവൃത്തികളാൽ മലീമസമായിരുന്നു. തൂലാസിന്റെ ഒരു തട്ടു അയാളുടെ പാപഭാരത്താൽ – മറേറ തട്ടിൽ വെയ്ക്കുന്നതിനു യാതൊരു പുണ്യപ്രവൃത്തിയുമില്ലാതിരുന്നതുകൊണ്ടു – മുഴുവൻ താണുപോയ്കണ്ടു പട്ടക്കാരൻ ഭയവിഹ്വലനായിത്തീർന്നു. ആ നിർഭാഗ്യാത്മാവു നിത്യമായി നശിച്ചുപോയെന്നു അദ്ദേഹം വിചാരിച്ചു.

എന്നാൽ ആ ആത്മാവിന്റെ കാവൽമാലാഖാ മുമ്പോട്ടു വന്നു തൂലാസിന്റെ മറേറത്തട്ടിൽ വൈരക്കല്ലു കണക്കെ തിളങ്ങുന്ന കണ്ണീർ തുള്ളികളോടുകൂടിയ കുറെ വസ്ത്രാലിഴകളും വെച്ചു. നോക്കണെ! വസ്ത്രാലിഴകളുടെ തൂക്കം പാപഭാരത്തെക്കാ

രം അനേകശതം വലുതായിരുന്നു. അ ആത്മാവു രക്ഷപ്രാപിച്ചു.

പട്ടക്കാരൻ രാവിലെ എഴുന്നേറ്റപ്പോൾ വീട്ടുകാരെല്ലാം പരിഭ്രാന്തരായി നില്ക്കുന്നതു കണ്ടു. അന്വേഷിച്ചപ്പോൾ അന്നുനേരത്തു പാപമോചനം പ്രാപിച്ച ആ വീട്ടമസ്ഥൻ പെട്ടെന്നു ആ രാത്രിയിൽ മരിച്ചതായി അറിഞ്ഞു. തന്റെ സ്വപ്നത്തിന്റെ യാഥാർത്ഥ്യം മറവുള്ളവരോടും ആ പട്ടക്കാരൻ സന്തോഷത്തോടെ പറഞ്ഞുകേൾപ്പിച്ചു.

ദേവാലയാചാരങ്ങൾ.

പള്ളിയകത്തു പ്രവേശിക്കുമ്പോഴും അവിടെ നിന്നു പുറത്തു പോകുമ്പോഴും മുട്ടുകുത്തി ആചാരം ചെയ്യുന്നതിനും,

ഞായറാഴ്ചയും ഭക്തിപുരസ്സരം കുരിശു വരക്കുന്നതിനും,

ജപമാല ചൊല്ലുമ്പോൾ ബലിപീഠത്തിങ്കിലേയ്ക്കു കണ്ണുകൾ തിരിക്കുന്നതിനും,

വി. കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പു വരുന്നതിനും വൈദികൻ ബലിപീഠം വിട്ടതിനു ശേഷം പോകുന്നതിനും,

ഒരു ജപപുസ്തകം ദിവ്യപൂജസമയത്തു ഉപയോഗിക്കുന്നതിനും,

വൈദികന്റെ പ്രസംഗം മുതലായവ ആദ്യന്തം ശ്രദ്ധാപൂർവ്വം കേൾക്കുന്നതിനും,

ദിവ്യപൂജകാണാൻ വരുന്നവരുടെ വേഷഭൂഷണാദികളിൽ ശ്രദ്ധവെക്കാതെ ക്രൂശിക്കപ്പെട്ട ഈശോയുടേയും വിശുദ്ധന്മാരുടേയും രൂപങ്ങളിന്മേൽ ദൃഷ്ടി പതിക്കുന്നതിനും,

അടക്കോത്തക്കവും വൃത്തിയുമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതിനും,

വി. കുർബ്ബാന ഉരുക്കൊള്ളുന്നുണ്ടെങ്കിൽ ദിവ്യപൂജകഴിഞ്ഞു

കൂടുന്നേരം ഉപകാരസ്മരണ ചെയ്യുന്നതിനും,

ദേവാലയം ദൈവത്തിന്റെ ഭവനമാണെന്നും അവിടെ ഈശോമ്ശിഹാ സദാ സന്നിഹിതനാണെന്നും അങ്ങേക്കുള്ള ഭക്തിബഹുമാനാരാധനകൾ നിങ്ങളുടെ ആചാരോപചാരങ്ങളാൽ പ്രത്യക്ഷപ്പെടുത്തുന്നതിനും

നിങ്ങൾ മറന്നുപോകരുത്.

ഈശോമിശിഹായോടുള്ള

പ്രായോഗികസ്നേഹം.

(തിയോഫിലോസ്.)

II

വി. കുബ്ബാനയുടെ സ്ഥാപനം.

1. "ഈശോ ഈ ലോകത്തിൽ നിന്നു തന്റെ പിതാവിൻ പക്കലേയ്ക്കു പോകുന്നതിനുള്ള സമയം വന്നു കഴിഞ്ഞുവെന്ന് അറിഞ്ഞിരുന്നതിനാലും, ലോകത്തിലുള്ള തന്റെ ജനങ്ങളെ സ്നേഹിച്ചിരുന്നതിനാലും അവരെ അവസാനംവരെ സ്നേഹിച്ചു" (യോഹ. ൧൩. ൧). നമ്മുടെ ഏറ്റവും സ്നേഹവാനായ രക്ഷകൻ ഈ ലോകത്തിൽനിന്നു വേർപിരിയേണ്ട സമയം വന്നു കഴിഞ്ഞുവെന്ന് അറിഞ്ഞിരുന്നതിനാൽ, നമുക്കുവേണ്ടി സ്വജീവനെ ബലികഴിക്കുന്നതിനുമുമ്പ്, തന്റെ സ്നേഹത്തിന്റെ ലക്ഷ്യമായ ഏറ്റവും വലിയ ഒരു ചിഹ്നം നമുക്കു പ്രദാനം ചെയ്യുന്നതിനു തിരുമനസ്സായി. ഇതു പരിശുദ്ധ കുബ്ബാന എന്ന കൂദാശാസ്ഥാപനമാണ്. സാധാരണമായി, മരണനേരത്തു പ്രദർശിപ്പിക്കപ്പെടുന്ന സ്നേഹചിഹ്നങ്ങളെയാണ് മനുഷ്യർ കൂടുതലായി സ്മരിക്കുകയും, അധികമായി സ്നേഹിക്കുകയും ചെയ്യുന്നതു് എന്ന്

സിയേന്നായിലെ വി. ബെർണ്ണർദിനോസ് പ്രസ്താവിച്ചിരിക്കുന്നു. ഏതൽക്കാരണത്താലാണ് സ്നേഹിതന്മാർ, ആസന്നമരണരായി കിടക്കുമ്പോൾ തങ്ങളുടെ ആത്മാർത്ഥസ്നേഹിതന്മാരെ വിളിച്ചു വരുത്തി അവരുടെ സ്നേഹത്തിന്റെ ശാശ്വതസ്മാരകമായി ഉടുപ്പ് മോതിരം എന്നിങ്ങനെയുള്ള എന്തെങ്കിലും സമ്മാനം നല്കി വരാറുള്ളത്. എന്നാൽ ഓ എന്റെ ഈശോയെ, നീ ഈ ലോകം വെടിയുന്ന സമയത്തു നിന്റെ സ്നേഹത്തിന്റെ സ്മാരകമായി ഞങ്ങൾക്കു തന്നിട്ടുള്ളതെന്താണ്? അതു കേവലം ഒരു ഉടുപ്പോ മോതിരമോ അല്ല; നിന്റെ സ്വന്ത തിരുശ്ശരീരവും, രക്തവും, ആത്മാവും, ദൈവത്വവും നിനക്കുള്ള സർവ്വസ്വവുമത്രേ. 'അവിടുന്ന് ഉള്ളതെല്ലാം നിനക്കു നല്കി; ഒന്നും തനിക്കായി നീക്കിവച്ചില്ല' എന്നാണ് വി. ക്രിസോസ്തോമോസ് പറയുന്നത്.

2. 'ഈശോമിശിഹാ ഈ ക്രമാശാസ്ഥാപനം മൂലം, തനിക്കു മനുഷ്യരോടുണ്ടായിരുന്ന സ്നേഹനിക്ഷേപത്തെ മുഴുവനായി അവരിലേയ്ക്കു ചൊരിയുവാൻ തിരുമനസ്സായി' എന്ന് തെയോസ് സൂനഹദോസ് സൂക്തികം പ്രസ്താവിക്കുന്നു. അവർ അദ്ദേഹത്തെ കൊല്ലുവാനുള്ള ഉപായങ്ങൾ ആലോചിച്ചുകൊണ്ടിരുന്ന അതേ രാത്രിയിൽ തന്നെയാണ് സ്നേഹത്തിന്റെ ക്രമാശയെ അവർക്കുവേണ്ടി സ്ഥാപിക്കുന്നതിന് അവിടുന്ന് ആഗ്രഹിച്ചിരുന്നതു് എന്നു വി. ശ്ലീഹായും പറയുന്നു:- "കർത്താവായ ഈശോ മരണത്തിനേല്പിക്കപ്പെട്ട രാത്രിയിൽ അപ്പമെടുക്കുകയും, സ്തോത്രംചെയ്തു വിഭജിക്കയും, വാങ്ങി ഭക്ഷിപ്പിൻ: ഇതു് നിങ്ങൾക്കായി ഏല്പിക്കപ്പെടുമെന്ന എന്റെ ശരീരമാകുന്നു" (1 കൊറന്ത. 11. 24 - 25). ഈശോ നമ്മോടുള്ള സ്നേഹത്താൽ ജ്വലിക്കയും, തന്റെ ജീവൻ നമുക്കായി തരുവാൻ സന്നദ്ധനാകയും ചെയ്തതുകൊണ്ടു സംതൃപ്തനാകാതെ, താൻ മരിക്കുന്നതിനു മുമ്പു്, തന്റെ അതിരറ്റ സ്നേഹം നിമിത്തം അത്ഭുതങ്ങളിൽവച്ചു് വലിയ അത്ഭുതപ്രവൃത്തി ചെയ്യാൻ പ്രേരിതനായി ഭവിക്കുകയും ചെയ്തു. തന്റെ തിരുശ്ശരീരം നമുക്കു ഭോജനമായിത്തരിക എന്നതായിരുന്ന ആ പ്രവൃത്തി എന്നു് സിയേന്നായിലെ വി. ബെ

ബ്ലസ്സർഡീനോസ് പറയുന്നു.

3. ആകയാൽ ഈ ക്രമാശയെ 'സ്നേഹത്തിന്റെ ക്രമാശ' 'സ്നേഹത്തിന്റെ പ്രത്യക്ഷ ലക്ഷ്യം' എന്നിങ്ങനെയാണ് വി. തോമസ്സ് യുക്തിപൂർവ്വം അഭിധാനം ചെയ്തിട്ടുള്ളത്. അതേ, അതു സാക്ഷാൽ സ്നേഹത്തിന്റെ ക്രമാശയും സ്നേഹത്തിന്റെ പ്രത്യക്ഷ ലക്ഷ്യവും തന്നെ, സംശയമില്ല. എന്തുകൊണ്ടെന്നാൽ സ്നേഹമൊന്നുമാത്രമാണ് തന്നോടു നമ്മെ ഈ ക്രമാശവഴി നമ്മെ തരുവാൻ ഈശോമിശിഹായെ പ്രേരിപ്പിച്ചിട്ടുള്ളത്. നമുക്ക് എപ്പോഴെങ്കിലും ഈശോമിശിഹായുടെ സ്നേഹത്തെക്കുറിച്ചു വല്ല സംശയവും തോന്നുകയാണെങ്കിൽ ഈ ക്രമാശ നമുക്ക് അതേപ്പറ്റി വേണ്ട സാക്ഷ്യം നൽകുവാൻ പര്യാപ്തമാകുകയുണ്ട്; അതിനെ സ്നേഹത്തിന്റെ പ്രത്യക്ഷ ലക്ഷ്യം എന്നു വിളിക്കുന്നതിൽ യാതൊരസംഗത്യവുമില്ല. 'ഓ ആത്മാക്കളെ, എന്റെ സ്നേഹത്തെക്കുറിച്ചു നിങ്ങൾക്കു സംശയം തോന്നുന്നുവെങ്കിൽ, ഇതാ ഞാൻ ഈ ക്രമാശവഴിയായി എന്നെത്തന്നെ നിങ്ങൾക്കു തരുന്നു; ഇങ്ങനെയുള്ള ഒരു ലക്ഷ്യമുള്ളപ്പോൾ ഞാൻ നിങ്ങളെ സ്നേഹിക്കുന്നുണ്ടെന്ന് - അത്യധികമായി സ്നേഹിക്കുന്നുണ്ടെന്നുള്ള കാര്യത്തിൽ നിങ്ങൾ ഇനി ഒരിക്കലും സംശയിച്ചിട്ടാവശ്യമില്ല.' എന്ന് അങ്ങുന്നതന്നെ എല്ലാവരോടും അരുളിച്ചെയ്യുന്നു എന്നു തോന്നുമാറ് നമ്മുടെ ദിവ്യരക്ഷകൻ ഈ ക്രമാശയെ സ്ഥാപിക്കുവാൻ തിരുമനസ്സായി. ഇതുകൊണ്ടുമായില്ല, വി. ബെർണ്ണാർഡീനോസ് ഇതിനെ വിളിക്കുന്നത് 'സ്നേഹങ്ങളുടെ സ്നേഹം' എന്നാണ്. എന്തുകൊണ്ടെന്നാൽ ഈ ദാനം അവിടുന്നു നമുക്കു നല്കിയിട്ടുള്ള ആസ്തിക്യം, പരിത്രാണം, മോക്ഷപ്രാപ്തി എന്നീ ഇതര ദാനങ്ങളേയും അടക്കിക്കൊള്ളുന്നു. ആകയാൽ, പരിശുദ്ധ കുർബ്ബാന, ഈശോമിശിഹാ നമ്മെ ഗാഢമായി സ്നേഹിക്കുന്നു എന്നുള്ളതിന്റെ ഒരു ലക്ഷ്യം മാത്രമല്ല, അവിടുന്ന് നമുക്കു നൽകുവാനാഗ്രഹിക്കുന്ന മോക്ഷാനന്ദത്തിന്റെ ഒരു അച്ചാരവും കൂടെയാകുന്നു. 'ഇതിനാൽ, നമുക്ക് വരുവാനിരിക്കുന്ന മഹത്ത്വത്തിന്റെ ഒരു ലക്ഷ്യം നല്കപ്പെട്ടിരിക്കുന്നു' എന്നാണ് നമ്മുടെ മാതാ

വായ തിരുസ്സഭ പഠിപ്പിക്കുന്നതു്. തന്നിമിത്തം വി. ഫിലിപ്പു നേരിയുക്കു് പരിശുദ്ധ കുമ്പസനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ 'സ്നേഹം' എന്നല്ലാതെ മറ്റു വാക്കാൽ വിളിക്കുന്നതിനു സാധിച്ചിരുന്നില്ല മരണാസന്നവേളയിൽ തിരുപ്പാഥേയം എഴുന്നള്ളിച്ചുകൊണ്ടു വന്നപ്പോഥം 'ഇതാ എന്റെ സ്നേഹം, എന്റെ സ്നേഹത്തെ എനിക്കു തരിക' എന്നതേ അദ്ദേഹം നിലവിളിച്ചു പറഞ്ഞതു്.

4. മനുഷ്യർ ദൈവത്തെ സ്നേഹിക്കുന്നതിനായിട്ടു, ദൈവം ഉപയോഗപ്പെടുത്തിയിരിക്കുന്ന വിവിധമാർഗ്ഗങ്ങളെ ലോകത്തിലുള്ളവരൊക്കെ അറിയുന്നമെന്നു് ഈസയാസ് ദീർഘദർശി വളരെ മുഗ്രഹിച്ചിരുന്നു. അവിടുന്നു് നമ്മുടെ ഭോജനമായിത്തീരുന്നതിനു് തന്നെത്താൻ അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ മറഞ്ഞിരിക്കുവാൻ തിരുമനസ്സായില്ലെങ്കിൽ അങ്ങനെ മറഞ്ഞിരിക്കുമെന്നു് സാമാന്യവും പരിമിതവുമായ ബുദ്ധികൊണ്ടു് ആർ ഊഹിക്കുമായിരുന്നു! 'എന്റെ മാംസം ഭക്ഷിക്കുക; എന്റെ രക്തം പാനം ചെയ്യുക' എന്നു പറയുന്നതു് വിഡ്ഢിത്തമായി തോന്നുന്നില്ലയോ? എന്നു് വി. അഗുസ്തീനോസു് ചോദിക്കുന്നു. ഈശോമിശിഹാ സ്ഥാപിക്കുവാനോഗ്രഹിച്ച കൂദാശയെപ്പറ്റി അവിടുന്നു് അപ്പോസ്തലന്മാരോടു പറഞ്ഞപ്പോഥം അവർക്കു് അദ്ദേഹത്തെ പൂർണ്ണമായി വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ആകയാൽ അവർ "നമുക്കു ഭക്ഷിപ്പാനായി തന്റെ മാംസം നൽകുവാൻ ഇവനു കഴിയുന്നതെങ്ങനെ? . . ഈ പ്രസംഗം കഠിനമുള്ളതാകുന്നുവല്ലോ! ഇതു കേൾപ്പാൻ ആർക്കാകും കഴിയുക?" (യോഹ. ന്യ. ൫൨ - ന്യ.൧.) എന്നു പറഞ്ഞു് തന്നെ വിട്ടുപോകയതേ ചെയ്തതു്. എന്നാൽ മനുഷ്യനു ഗ്രാഹ്യമോ വിശ്വസനീയമോ അല്ലാത്ത ആ കാര്യത്തെക്കുറിച്ചു വിചാരിക്കുകയും അതു നിറവേറ്റുകയും ചെയ്യുന്നതിനു് ഈശോമിശിഹായുടെ അനുസ്നേഹത്തിനു കഴിഞ്ഞു. അവിടുന്നു് തന്നെത്തന്നെ മരണത്തിനേല്പിക്കുന്നതിനു മുമ്പായി "എടുത്തു ഭക്ഷിപ്പിൻ" എന്നു തന്റെ ശിഷ്യന്മാരോടും, അവർ കഴിയുകയും നമ്മോ

ട്ടും അരുളിച്ചെയ്തുകൊണ്ടായി. വാങ്ങി ഭക്ഷിപ്പിൻ: എന്നാൽ ഓ! ലോകരക്ഷക, നീ മരിക്കുന്നതിനുമുമ്പു് ഞങ്ങൾക്കു തരുവാനാഗ്രഹിക്കുന്ന ആ ഭോജനമെന്താണു്? 'എടുത്തു ഭക്ഷിപ്പിൻ; ഇതു് എന്റെ ശരീരമാകുന്നു. ഇതു ഭൗമികഭോജനമല്ല, ഇതു് എന്നെത്തന്നെ പൂർണ്ണമായി നിങ്ങൾക്കു നല്കുന്ന ഞാൻ തന്നായാകുന്നു.'

5. ഹാ! പരിശുദ്ധ കുർബാന വഴിയായി നമ്മുടെ ആത്മാക്കളിൽ എഴുന്നള്ളി വരുവാൻ ഈശോമിശിഹാ എത്ര തീവ്രമായിട്ടാണു് ആഗ്രഹിക്കുന്നതു്! "ഞാൻ പാടുപെടുംമുമ്പെ ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ അത്യധികം ആഗ്രഹിച്ചിരുന്നു" (ലൂക്കാ. 22. 15). അതേ, ഈ സ്നേഹത്തിന്റെ ക്രമാശ സ്ഥാപിച്ച ആ രാത്രിയിൽ അവിടുന്നു് അരുളിച്ചെയ്തതു് താൻ "അത്യധികം ആഗ്രഹിച്ചിരുന്നു" എന്നാണു്. നമ്മോടുള്ള അതിരറ്റ സ്നേഹമാണു് അങ്ങയെ, വി. ലോറൻസു ജൂസ്റ്റീനിയൻ പ്രസ്താവിക്കും പ്രകാരം, 'ഇവ അതി തീവ്രമായ സ്നേഹത്തിന്റെ വാക്കുകളാകുന്നു' എന്നു് അരുളിച്ചെയ്യാനിടയാക്കിയതു്. എല്ലാവരും, നിശ്ചയാസം സ്വീകരിക്കുന്നതിനായി അവിടുന്നു് തന്നെത്തന്നെ അപ്പത്തിന്റെ സാദൃശ്യത്തിൽ മാറ്റം ചെയ്യാൻ തിരുമനസ്സായി; മറിച്ചു്, അപൂർവമോ വിലപിടിച്ചതോ ആയ ഭോജനത്തിലാണു് അങ്ങനെ മറഞ്ഞിരിപ്പാൻ തിരുമനസ്സായിരുന്നതെങ്കിൽ പാവപ്പെട്ടവർക്കു് അങ്ങയെ സ്വീകരിപ്പാൻ ഒരിക്കലും ഇടയാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ വാസ്തവത്തിൽ അപ്പത്തിന്റെ സാദൃശ്യത്തിൽ എഴുന്നള്ളിയിരിക്കുന്നതുകൊണ്ടു് എല്ലായിടത്തും എല്ലാവർക്കും ഒരുപോലെ സ്വീകരിക്കുവാൻ നിശ്ചയാസം സാധിക്കുന്നുണ്ടു്.

6. അതുകയാൽ പരിശുദ്ധ കുർബാന വഴി അങ്ങയെ സ്വീകരിക്കുവാനായി അവിടുന്നു നമ്മോടു "വരുവിൻ, എന്റെ അപ്പം ഭക്ഷിപ്പിൻ, ഞാൻ നിങ്ങൾക്കായി കലർത്തിയ വീഞ്ഞു കുടിക്കുകയും ചെയ്വിൻ" (സുഭാ. 9. 5); "സ്നേഹിതന്മാരെ! നിങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്വിൻ" (പാട്ടു. 5. 1.) എന്നു് ഈ സ്വർഗ്ഗീയ അപ്പത്തേയും വീഞ്ഞിനേയും കുറിച്ചു് അരു

ളിച്ചെയ്യുകൊണ്ടു ക്ഷണിക്കുക മാത്രമല്ല, "നിങ്ങൾ എടുത്തു ഭക്ഷിപ്പിൻ" എന്നു കല്പിക്കുകയും "ഇത് എന്റെ ശരീരമാകുന്നു" "എന്റെ മാംസം ഭക്ഷിക്കുന്നവനു നിത്യായുസ്സുണ്ട്" (യോഹ. ൬. ൫൪); "ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിയ്ക്കും" (യോഹ. ൬. ൫൮) എന്നു രക്ഷണീയമായ വാഗ്ദാനത്താൽ നമ്മെ പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുന്നു. തന്നെയുമല്ല, നാം ഈ ദിവ്യ കാരുണ്യം സ്വീകരിക്കാഞ്ഞാൽ സ്വർഗ്ഗാവകാശികളാകയില്ലെന്നും, പ്രത്യുത, നരകത്തിനധീനരായിത്തീരുമെന്നും അവിടുന്നു അരുളിച്ചെയ്യുന്നു. "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും, അയാളുടെ രക്തം പാനം ചെയ്യാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ ജീവനുണ്ടാകയില്ല" (യോഹ. ൬. ൫൪). ഈ സ്നേഹമസ്യണമായ ക്ഷണങ്ങളും, വാഗ്ദാനങ്ങളുമെല്ലാം അങ്ങേയ്ക്കു ഈ ക്ഷുദ്രാശവഴിയായി നമ്മിൽ എഴുന്നള്ളി വരുവാനുള്ള തീവ്രമായ ആഗ്രഹത്തെയല്ലെങ്കിൽ മറ്റെന്തിനെയാണ് സൂചിപ്പിക്കുന്നത്?

7. എന്നാൽ ഈ ദേവദ്രവ്യാനുമാനം വഴിയായി നാം അങ്ങയെ കൈക്കൊള്ളണമെന്ന് ഈശോമിശിഹാ ഇത്ര തീവ്രമായി ആഗ്രഹിക്കുന്നതിനുള്ള കാരണമെന്ത്? അതു മറ്റൊന്നിനാലുമല്ല; സ്നേഹം, വി. ഡെന്നീസ് പറയുംപോലെ സഭാസായോഗത്തെ കാംക്ഷിച്ചു് അതിലേയ്ക്കു ചായ്ഞ്ഞിരിക്കുന്നതുകൊണ്ടും, വി. തോമസ്സിന്റെ അഭിപ്രായപ്രകാരം 'സ്നേഹിതന്മാർ ഇരുവരും ഒന്നാകുവാൻ ആഗ്രഹിക്കുന്നു' എന്നതുകൊണ്ടുമാകുന്നു. യഥാർത്ഥത്തിൽ, അന്യോന്യം സ്നേഹിക്കുന്നവർ, ഒരു വ്യക്തിയായാലെന്നപോല ഏകീഭവിക്കുവാനാണ് ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ അനന്ത സ്നേഹം മനുഷ്യനോടു ചെയ്തിട്ടുള്ളതും ഇതു തന്നെയാണ്. അവിടുന്ന് തന്റെ നിത്യരാജ്യത്തുവച്ചു തന്നെയല്ല, ഐഹികജീവിതത്തിൽവച്ചു കൂടെയും, മനുഷ്യർ അങ്ങയെ കൈവശപ്പെടുത്തുകയും, അങ്ങയോടു സംയോജിക്കുന്നതിനു് അനുവദിക്കയും, തദർത്ഥം തന്നെത്തന്നെ അപ്പത്തിന്റെ സാദൃശ്യത്തിൽ പൂർണ്ണമായിട്ടു അവർക്കു കൊടുക്കുകയും

ചെയ്യുന്നു. അവിടുന്ന് ഒരു ഭിത്തിക്കപ്പുറമെന്നവണ്ണം മറഞ്ഞു നിന്നുകൊണ്ടു ജനലിന്റെ അഴികളിൽക്കൂടി ദൃശ്യമാകുന്നു. "ഇതാ, അയാൾ ഞങ്ങളുടെ ഭിത്തിയുടെ പുറമേ ജനലുകളിൽക്കൂടി നോക്കിയും, അഴികളിൽക്കൂടി സൂക്ഷിച്ചും കൊണ്ടു നില്ക്കുന്നു" (പാട്ട്. ൨൰. ൯). നാം അദ്ദേഹത്തെ ശരീരനയനങ്ങൾ കൊണ്ടു ദൃശ്യമാകുന്നില്ലെന്നുള്ളതു വാസ്തവമാണ്. എന്നാൽ അദ്ദേഹം അവിടെ സാക്ഷാൽ സന്നിഹിതനായിരിക്കുകയും നമ്മെ കാണുകയും ചെയ്യുന്നു. അവിടുന്നു സന്നിഹിതനായിരിക്കുന്നതു് നാം അങ്ങയെ സ്വീയമാക്കേണ്ടുന്നതിനായിട്ടാണ്. എന്നാൽ അവിടുന്ന് നമ്മിൽ നിന്നു ഒളിഞ്ഞിരിക്കുന്നതു് നാം അങ്ങയെ കൂടുതൽ ആഗ്രഹിക്കേണ്ടതിനായിട്ടുമാകുന്നു. നാം നമ്മുടെ സ്വന്തരാജ്യത്തു് എത്തിയിട്ടില്ലാത്തിടത്തോളം കാലം ഈശോമിശിഹാ തന്നെത്തന്നെ മുഴുവനായിട്ടു നമുക്കു നല്കി നമ്മോടു് ഏകീഭവിച്ചിരിക്കുന്നതിനാണ് ആഗ്രഹിക്കുന്നതു്.

8. അവിടുന്ന്, തന്റെ മനുഷ്യാവതാരം, പീഡാനുഭവം കുരിശുമരണം എന്നിവകൊണ്ടു് മനുഷ്യഗണത്തെ മൊത്തത്തിൽ സ്നേഹിച്ചുകൊണ്ടു മാത്രം സംതൃപ്തനായില്ല. പ്രത്യുത, തന്നെത്തന്നെ പൂർണ്ണമായിട്ടു നമുക്കോരോരുത്തർക്കും പ്രത്യേകം പ്രത്യേകം നല്കുന്നതിനുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കുവാനത്രേ കാംക്ഷിച്ചതു്. ഇങ്ങനെ തന്നെത്തന്നെ മുഴുവനാംവണ്ണം ഓരോരുത്തനും നല്കി, അവരുമായി ഏകീഭവിക്കുന്നതിനു വേണ്ടി സ്ഥാപിച്ച മാർഗ്ഗമാണ് പരിശുദ്ധ കുർബ്ബാന. "എന്റെ മാംസം ഭുജിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും" (യോഹ. ന്യ. ൬). ദിവ്യ കാരുണ്യത്തിൽ, ഈശോമിശിഹാ നമ്മുടെ ആത്മാവിനോടും, നമ്മുടെ ആത്മാവു മിശിഹായോടും യോജിക്കുന്നു. ഇതു് വെറും സ്നേഹത്താലുള്ള ഒരു ഐക്യമല്ല, പിന്നെയോ സാക്ഷാത്തായ ഏകീകരണമാകുന്നു. ഏതൽക്കാരണത്താലത്രേ മറ്റു യാതൊരു കൂദാശയ്ക്കും ഇതിനേക്കാൾ സ്നേഹപൂർവ്വവും മൂലവുമായ വിധത്തിൽ പ്രവർത്തിപ്പാൻ കഴികയില്ലെന്നു് വി. ഫ്രാൻസിസ് ദെസാലെസ് പറയുന്നതു്. എന്തുകൊണ്ടെന്നാൽ തന്റെ വി

ശാസികളുടെ ആത്മാക്കളെ പുണ്യപ്പെടുത്തുന്നതിനും അവരുടെ ഹൃദയങ്ങളോട് സ്നേഹത്താൽ ബന്ധിക്കപ്പെടുന്നതിനുമായി അവിടുന്ന് സ്വയം ശൂന്യപ്പെടുത്തിയോ എന്നു തോന്നുമാറ് തന്നെത്തന്നെ ഭോജനമായി പകുത്തുവാൻ തിരുമനസ്സായി. 'ഈശോമിശിഹാ, നമ്മോടുള്ള തീവ്രസ്നേഹം ഹേതുവായിട്ട് നമ്മോട് ഏറ്റവും ചേർന്നിരിക്കുവാനും, തന്നിമിത്തം മേലാൽ രണ്ടു വസ്തുവല്ലാത്തതിനുള്ളം ഏകീഭവിക്കുവാനും തിരുമനസ്സായി' എന്നാണ് പണ്ഡിതാഗ്രേസരനായ വി. യോഹന്നാൻ ക്രിസോസ്തോമോസ് പറയുന്നത്.

എന്റെ അപേക്ഷ.

(ആൽറണി തൊകലത്ത്.)

താരേശചാരു മുഖി, കൊച്ചുതരേശ, ഭവ്യ-
വാരാശിയുണ്ണിമിശിഹായുടെ കൊച്ചുപൂവേ!
നീ രാജരാജസവിധത്തിലണഞ്ഞു ഭാഗ്യം
തീരാത്തൊരാനിലയുറച്ചു വസിച്ചിടുന്നു. ൧

പാരം വിനീതി വിളയിച്ചു ധരയ്ക്കുകത്തു
നേരായ ഭക്തിയൊട്ടു ജീവിതമാനയിച്ചു;
ധാരാളമായജനു വേലയെടുത്തതിന്റെ
പേരാൻക്രലിയുമലം നിജലാഭമായി. ൨

എന്നാൽ സ്വകായ്മതുലം കരലബ്ധമായി
വന്നാൽപ്പുരാർത്ഥനിനവറ്റ നരന്നു തുല്യം
ഇന്നാൾവരെയ്ക്കുമവിടുന്നു വൃഥാവിൽ നേര-
മൊന്നും കളഞ്ഞിടുവതില്ല ശരിയ്ക്കുപാത്താൽ. ൩

'ദ്യോവിങ്കൽനിന്നു മരണത്തിനു ശേഷമീഞാൻ
ഭൂവിൽപ്പൊഴിച്ചിടുമനുഗ്രഹ സൂനവൃഷ്ടി'
ഭീവിട്ടിതേവിധ മുരച്ചതുപോലെ നിത്യം
നീ വീർത്തിടുന്നു ഗുണസഞ്ചയ സാരവഷ്ടം. ൫

സൌരഭ്യമാർന്ന തവ വഷ്മിളാതലത്തിൻ
വൈരസ്യപാംസൂനിരയാകവെ വെന്നിടുന്നു;
വാരുറ കാന്തി കലരുന്ന വിനീതിയപ്പോൾ
വേരുന്നിടുന്നു ഭവനത്തിലുപേതമോദം. ൬

എന്നാലുമിന്നു മലയാള മഹീതലത്തിൽ
കുന്നായി നിന്ദവളരുന്നതു കണ്ടിടുമ്പോൾ
എന്നാത്മ സൂനമെരിയുന്നു; സഹായമായി
വന്നാശു പുണ്യവതി കേൾക്കണമെന്നപേക്ഷ. ൭

സ്വാർത്ഥം വെടിഞ്ഞു, സമഭാവനയോടു ലോകം
സത്യൈകമായ വഴിനോക്കിനടന്നു കാണ്മാൻ
നിത്യൈകനായ സകലേശ്വരനോടിരന്നാൽ
സ്തുത്യ നീ യിവനു വാഞ്ഛിതമേകിടുന്നു. ൮

ഈ മാസത്തിൽ തിരുഹൃദയഭക്തന്മാർ വെക്കേണ്ടതായ

പൊതുനിയോഗം.

ഉൽകൃഷ്ട വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന
കത്തോലിക്കരുടെ നിർമ്മല ജീവിതം.

ഇന്നത്തെ വിദ്യാഭ്യാസ രീതിയെ ഉടച്ചു വാർക്കണമെന്നുള്ള ധ്വനി നിയമസഭകളിലും പ്രസംഗശാലകളിലും മുഴങ്ങിക്കൊണ്ടാണിരിക്കുന്നതു്. അതു് ഏതു വിധത്തിലാണു് നിറവേറ്റേണ്ട

തെന്നുള്ളതിനെപ്പറ്റി വലിയ അഭിപ്രായ വ്യത്യാസമുണ്ട്. ഉദരപൂരണത്തിനും ധാടിക്കും മോടിക്കും കീർത്തിക്കും ജനസ്വാധീനത്തിനും ഇതുപോലെയുള്ള മറ്റു പല സംഗതികൾക്കും മാത്രമായിട്ടാണ് വിദ്യാഭ്യാസം ചെയ്യുന്നതെന്നു പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ഇക്കൂട്ടർക്കു തങ്ങളുടെ ഉദ്ദേശം സാധിച്ചാൽ തൃപ്തിയാകുന്നതാണല്ലൊ. ശാസ്ത്രഗ്രന്ഥങ്ങളിൽ അനേകകാലം മനസ്സിരുത്തി തലകാഞ്ഞവരും പാഠശാലകളിൽ ഒട്ടധികം കൊല്ലം ഉണ്ണിച്ചിരുന്നു പഠിച്ചവരും നല്ല നടത്തക്കാരല്ലാതെയായിത്തീരുന്നതിനു കാരണമെന്തു? അതു് അവരുടെ ഹൃദയങ്ങളിലും പാഠശാലകളിലും അവർ ദൈവത്തിനു സ്ഥാനം നല്കാതിരുന്നതാണു്. ദൈവത്തിൽ വിശ്വാസം ക്രൂടാതെ – സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നു ജനിക്കുന്ന സ്വകൃത്യബോധം ക്രൂടാതെ – യാതൊരുത്തനും ജീവിക്കാൻ കഴികയില്ല. മനുഷ്യരുടെ പ്രവൃത്തികളെ സൂക്ഷിച്ചുകൊണ്ടിരിക്കയും അവരുടെ ഭാവിയെ രൂപീകരിക്കയും ചെയ്യുന്ന ഏക ദൈവത്തിന്റെ സന്നിധികളാണു് തങ്ങൾ എന്നു മനുഷ്യർക്കു ബോധമുണ്ടാകുമ്പോൾ മാത്രമേ, തങ്ങൾ സഹോദരന്മാരാണെന്നും അന്യോന്യം ഗുണം ചെയ്യുന്നതിനു വേലചെയ്യാൻ കടപ്പെട്ടവരാണെന്നും അവർക്കു മനസ്സിലാകയുള്ളൂ. "സർവ്വശക്തനായ ദൈവത്തെക്കുറിച്ചുള്ള വിചാരവും നാം ചെയ്യുന്ന പ്രവൃത്തികൾക്കു കണക്കു പറയണമെന്നും, മരണാനന്തരമായ ഒരവസ്ഥയുണ്ടെന്നുമുള്ള ബോധവും എല്ലാ മനുഷ്യരുടെ ഹൃദയങ്ങളിൽനിന്നും മാച്ചുകളഞ്ഞാൽ, എത്ര പെട്ടെന്നു സാമൂഹ്യസൌധം മുഴുവനും ഭ്രൂകമ്പത്താൽ എന്നപോലെ ഞെട്ടി കുലുങ്ങുന്നതും എത്ര ഭയങ്കരമായ ശബ്ദത്തോടുകൂടി അതു് നൈരാശ്യമായ നാശത്തിലേക്കു ഇടിഞ്ഞു പൊളിഞ്ഞു വീഴുന്നതും ആണെന്നുള്ള കാര്യം നാം ഒരിക്കലും വിസ്മരിക്കരുതു" എന്നു ഒരു പ്രസിദ്ധനായ അമേരിക്കൻ ഗ്രന്ഥകാരൻ പറയുന്നതു എത്രയും വാസ്തവമാകുന്നു. ഇതാണു വിദ്യാർത്ഥികളുടെ മനസ്സിൽ ദൃഢമായി പതിയുകയും ഇന്നുമുതൽ അവരുടെ സകല വിചാരങ്ങളേയും പ്രവൃത്തികളേയും നിയിപ്പിക്കുകയും ചെയ്യേണ്ടതായ ഒന്നാമത്തെ

സംഗതി. "ദൈവഭയമാകുന്നു ജ്ഞാനത്തിന്റെ ആരംഭം" എന്നുള്ള സത്യം അവരുടെ ഹൃദയങ്ങളിൽ ശുഭമൂലമായിരുന്നെങ്കിൽ മാത്രമേ അവർ സന്മാർഗ്ഗപ്രസക്തിയുള്ളവരായിത്തീരുകയുള്ളൂ. അതുകൊണ്ടു ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവരുടെ നിമ്മല ജീവിതത്തിന് അത്യന്താപേക്ഷിതമായ ദൈവബോധവും മതനിഷ്ഠയും അവരിലുണ്ടാകാൻ തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

അമേരിക്കയെക്കുറിച്ച് *

അമേരിക്കയെ ഇൻഡ്യയുമായി ഒരു തരത്തിലും താരതമ്യപ്പെടുത്താവുന്നതല്ല. ധനസമൃദ്ധമായ ആ ഭൂഭാഗം സൗഭാഗ്യങ്ങളുടെ കേന്ദ്രമാണ്. വിദ്യാർത്ഥികളെ ഉത്തരവാദിത്വബോധമുള്ള പൗരന്മാരാക്കിത്തീർക്കുകയാണ് അവിടത്തെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. അമേരിക്കയിലെ വരവിൽ ഒരു വലിയ അംശം വിദ്യാഭ്യാസകാര്യങ്ങൾക്കായി വിനിയോഗിക്കുന്നു. അവിടെ ശരാശരി ആയിരം പേർക്ക് ഒരു സ്കൂൾവീതമുണ്ട്. അമേരിക്കൻ വിദ്യാഭ്യാസം ഇൻഡ്യയിലെപ്പോലെ രമ്യഹർമ്യങ്ങളിലല്ല നടത്തിവരുന്നത്. പ്രസിദ്ധങ്ങളായ ഹാർവറിന്റെ ഭവനം തന്നെയും ആഡംബരരഹിതമായിട്ടുള്ളതാണ്. അതിഗംഭീരമായ വ്യവസായശാലകളും എഴുപതും എൺപതും നിലയിലുള്ള പക്കാ കെട്ടിടങ്ങളും അപൂർവ്വമല്ല. ഹെൻറിഫോഡ് എന്ന സുപ്രസിദ്ധ മോട്ടോർ നിർമ്മാതാവിന്റെ വ്യവസായശാലയുടെ മകളിലത്തെ നിലയുടെ തറയ്ക്ക് ആയിരത്തിഇരുന്നൂറു ഏക്കർ വിസ്തീർണ്ണമുണ്ടെ

* ഡാക്ടർ എം. കെ. ശോചാലപിള്ള അവർകളും എം. ആർ. സി, എസ്സ്. എൽ. ആർ. സി. പി. ഡി. പി. എച്ച്. ഡി. ആർ. പി. എച്ച്. ചെയ്ത ഒരു ഇംഗ്ലിഷ് വാചാപ്രസംഗത്തിൽനിന്ന്.

ന്നു പറഞ്ഞാൽ നിങ്ങളിൽ പലർക്കും വിസ്മയം ജനിച്ചേക്കാം. ഐക്യനാട്ടിൽ ൪൦-സംസ്ഥാനങ്ങളാണുള്ളതു്. ഓരോ സംസ്ഥാനത്തേക്കും പ്രത്യേക സർവ്വകലാമന്ദിരങ്ങൾ ഉണ്ടു്. ഈ സർവ്വകലാശാലകളിൽ നാനാ വിഷയങ്ങളും അഭ്യസിപ്പിക്കുന്നു. ഇൻഡ്യൻ സർവകലാശാലകളിൽ അഞ്ചു ഗ്രൂപ്പുകൾ മാത്രമാണല്ലൊ ഉള്ളതു്. അമേരിക്കയിലാകട്ടെ ഒരു നൂറിലധികം വിഷയങ്ങൾക്കു് യൂണിവേഴ്സിറ്റി ബിരുദ നേടാൻ കഴിയും. ആയോധനം. പാചകം, കണക്കെഴുത്തു്, കൃഷി, കച്ചവടം എന്നിത്യാദി എല്ലാ വിഷയങ്ങളിലും ഉപരിജ്ഞാനം നല്കപ്പെടുന്നുണ്ടു്. എങ്കിലും കൃഷിക്കാണു് അവിടെ പ്രാധാന്യം കല്പിച്ചിരിക്കുന്നതെന്നു പറയാം.

ശിശുക്കൾക്കു് ആറുവയസ്സു പ്രായമാകുമ്പോൾ അവരെ വിദ്യാലയങ്ങളിലേക്കയക്കുന്നു. ആറു വയസ്സിനു മുമ്പു തലച്ചോറിനു വികാസമുണ്ടാവുകയില്ലെന്നും അക്കാലത്തു തലച്ചോറിനു ജോലി നല്കുന്നതുത്തമമല്ലെന്നുമാണു് അമേരിക്കയിലെ ശാസ്ത്രജ്ഞന്മാരുടെ മതം. പ്രാചീന ഭാരതീയരും ഈ തത്വത്തെ അടിസ്ഥാനമാക്കിയാണു പ്രവർത്തിച്ചിരുന്നതു്. കേരളീയർ അഞ്ചുവയസ്സു പൂർത്തിയായതിനുമേൽ മാത്രമെ കുട്ടികളെ എഴുത്തിനിരുത്താറുണ്ടായിരുന്നുള്ളു. ആറു വയസ്സുമുതൽ പതിനാലു വയസ്സുവരെ വിദ്യാഭ്യാസം നിർബ്ബന്ധിതമാണു്. പ്രാഥമിക പാഠശാലകളിലും സെക്കൻററി വിദ്യാലയങ്ങളിലും അഭ്യസനം നടത്തുന്നതു സ്ത്രീകളാണു്. എത്ര ദരിദ്രന്മാരായവർക്കും വിദ്യാഭ്യാസകാലത്തു തൊഴിൽചെയ്തു ധനസമ്പാദനം ചെയ്യത്തക്കവിധം പാഠശാലാസമയത്തെ ക്രമീകരിച്ചിരിക്കുന്നു. വിദ്യാർത്ഥികൾക്കു ദരിദ്രനാണെന്നു ബോധം ഉണ്ടായാൽ അവരുടെ ഉന്മേഷത്തിനും ആരോഗ്യത്തിനും കുറവു വരുമെന്നു കരുതി അതിനിടയാക്കാതെ കഴിക്കാൻ വിദ്യാലയഭാരവാഹികളും സമുദായ നേതാക്കന്മാരും സൂക്ഷിക്കുന്നു. ഇവിടത്തെപ്പോലെ ജാതി തിരിച്ചുള്ള സമുദായമല്ല അവിടെയുള്ളതു്. അമേരിക്കയിൽ രാഷ്ട്രീയമായ സമുദായബോധമാണുള്ളതു്. ദരിദ്രന്മാരുടെ ചിലവു സമുദായം നിർവ്വഹി

ക്കുന്നു.

ഇൻഡ്യയിൽ ഉപരി വിദ്യാഭ്യാസത്തിനു പലവിധ പ്രതിബന്ധങ്ങളുമുണ്ടു. സ്വന്തം കാലിൽ നില്ക്കാൻ ത്രാണിയില്ലാത്തവരെ സഹായിക്കാനോ പ്രോത്സാഹിപ്പിക്കാനോ പറയത്തക്ക സ്ഥാപനങ്ങളൊന്നുമില്ല. ഈ ദുഷ്ടങ്ങളെല്ലാം തരണംചെയ്തു കലാബിരുദം നേടിയാലും ഇവിടത്തെ പരിശീലനം അയാളുടെ ഉപജീവനത്തിനു ആവശ്യമുള്ള ധനസമ്പാദനത്തിനു പ്രയോജനപ്പെടുന്നതുമില്ല. ബാൾട്ടിമോർ, ട്രായിറ മുതലായ നഗരങ്ങളിൽ രാഷ്ട്രീയ മഹാ പാഠശാലകളുണ്ട്. ഒരു കെട്ടിടത്തിൽനിന്നു ആയിരക്കണക്കിനു ചെറുപ്പക്കാർ ഇറങ്ങിവരുന്നതുകണ്ടു് ഇതു ഏതു വ്യവസായശാലയാണെന്നു ചോദിച്ചതിനു അതു ഞങ്ങളുടെ രാഷ്ട്രീയ വിദ്യാലയമാണെന്നാണു് ഒരു അമേരിക്കൻ നല്കിയ മറുപടി. കൊളമ്പിയ സർവ്വകലാശാലയിൽ ഇരുപതിനായിരത്തിനുമേൽ മുപ്പതിനായിരത്തിനകം വിദ്യാർത്ഥികളുണ്ടു്. സാധാരണ രാഷ്ട്രീയ പാഠശാലകളിൽ പതിനായിരത്തിനുമേൽ പതിനയ്യായിരത്തിനകം യുവാക്കൾ അദ്ധ്യസനം ചെയ്തുവരുന്നു.

അഞ്ഞൂറു ടൈപ്പു യന്ത്രങ്ങൾവച്ചു ബോധനം നൽകുന്ന ടൈപ്പു റയിറിംഗു സ്കൂളുകൾ സാധാരണമാണു്. അമേരിക്കയിൽ കയ്യെഴുത്തു മിക്കവാറും നാമാവശേഷമായിരിക്കുന്നു. ചെറുകടകളിൽപോലും ടൈപ്പു ചെയ്കയാണു ഇന്നത്തെ രീതി. സമയം വേലചെയ്യാനുള്ളതാകയാൽ എഴുതിക്കൊണ്ടിരിക്കാൻ അവർക്കു ക്ഷമയില്ല. മിനിട്ടിൽ ൧൦൦-നു മേൽ ൬൦൦ വാക്കുകൾ ടൈപ്പുചെയ്യാൻ സാധിക്കുമ്പോൾ എഴുത്തുവേല എത്രയോ നഷ്ടമാണെന്നു അവർ അറിഞ്ഞുകഴിഞ്ഞു. ഏതുതരം തൊഴിൽ ചെയ്യുന്നതും അഭിമാനക്ഷയമായി അവർ വിചാരിക്കുന്നില്ല. നേരേമറിച്ചു തൊഴിലില്ലായ്മ ഒരു വലിയ പോരായ്മയായിട്ടാണു അമേരിക്കർ കരുതുന്നതു്.

൧൮ വയസ്സിനു താഴെ പ്രായമുള്ളവരെക്കൊണ്ടു ജോലി ചെയ്യിക്കുന്നതു കുറവാണു. എല്ലാ വിദ്യാർത്ഥികളുടെയും അതാതവസ്ഥിതിയെ കാണിക്കുന്ന ഒരു കാർഡ് ഓരോ വിദ്യാ

ത്തിക്കുമുണ്ടായിരിക്കും. ഏതെങ്കിലും വിദ്യാർത്ഥിക്കു തൃപ്തികരമായ ആരോഗ്യമില്ലെന്നു പാഠശാലാധികൃതന്മാർക്കു തോന്നിയാൽ അവർ ഡാക്ടറെ അറിയിക്കുന്നതും ഡാക്ടർ ഉടനെ പരിശോധിച്ചു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുമാണ്. സാധുക്കളായ വിദ്യാർത്ഥികൾക്കു മരുന്നും ഭക്ഷണവും സൗജന്യമായി നൽകുന്നു. ആതുരസംരക്ഷണത്തിൽ അവർ വിദഗ്ധന്മാരും അതിതല്പരന്മാരുമാണു. വിദ്യാർത്ഥികൾക്കു ഒരുവിധത്തിലും ചിന്താക്ലേശം ഉണ്ടാകരുതെന്നു കരുതുന്നു.

കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ഇംഗ്ലണ്ടിലെ പല നഗരങ്ങളിൽ മുപ്പതു ശതമാനത്തിനു ഏതെങ്കിലും തരത്തിൽ ആരോഗ്യഹാനി സംഭവിച്ചിട്ടുണ്ടു. അമേരിക്കയിൽ അത്രയൊന്നുമില്ലെങ്കിലും ജനസമുദായത്തിന്റെ ആരോഗ്യത്തിനു സാരമായ ഹാനിയുണ്ടാകാതിരുന്നില്ല. പ്രത്യേകം നിഷ്കൃഷ്ടിക്കയാൽ കഴിഞ്ഞ പത്തു കൊല്ലത്തെ പരിശ്രമത്തിന്റെ ഫലമായി വിദ്യാർത്ഥികളുടെ തൂക്കത്തിൽ ശരാശരി പത്തു റാത്തലും പൊക്കത്തിൽ നാലിഞ്ചുവീതം കൂട്ടതലുള്ളതായി കാണപ്പെട്ടിരിക്കുന്നു. നമ്മുടെ നാട്ടിൽ ഈവിധം വല്ല കണക്കുകളും സൂക്ഷിക്കുന്നുണ്ടോ എന്നു തന്നെയും നിശ്ചയമില്ല.

ആരോഗ്യപരിപാലനത്തിൽ രക്ഷകർത്താക്കളെക്കാൾ കൂടുതൽ ശ്രദ്ധിക്കുന്നതു സമുദായനേതാക്കന്മാരാണു. അമേരിക്കയിലെ സാമുദായിക ഗുണങ്ങളിലൊന്നാണു വിശ്വസ്തത. വിശ്വസ്തതയോടെ പെരുമാറുന്നതു മനുഷ്യധർമ്മവും സമുദായാഭിവൃദ്ധിക്കു അത്യന്താപേക്ഷിതവുമാണെന്നവർക്കറിയാം. വിദ്യാലയങ്ങളിൽ ഇതിലേക്കുവേണ്ട പരിശീലനം നൽകുന്നു. പാഠശാലകളിൽ പരീക്ഷക്കു ചോദ്യക്കടലാസു കൊടുത്താൽ പ്രഫസറന്മാരും സൂപ്രണ്ടന്മാരും ഹാൾവിട്ടുപോകുന്നു. മൂന്നുനാലു മണിക്കൂർ അവിടെ കാത്തിരിപ്പാൻ അവർക്കു സമയമില്ല. വിദ്യാർത്ഥികൾ ധർമ്മബോധത്തോടുകൂടി ഉത്തരമെഴുതിക്കൊള്ളും. അമേരിക്കയിലെ പത്രങ്ങൾക്കു വരിക്കാരില്ലെന്നതന്നെ പറയാം. എന്നാൽ ഓരോ പത്രത്തിന്റെയും പ്രതികൾ ലക്ഷക്കണക്കിനടിച്ചുവിടു

ന്നു. പബ്ലിക്ക് നിരത്തുകളിൽ ന്യൂടടി അകലത്തിലും പ്രധാന ആപ്പീസുകളിലും പത്രത്തിന്റെ പ്രതികൾ അട്ടിയായി നിരത്തിയിരിക്കും. വില്പനക്കു ആളുണ്ടായിരിക്കണമെന്നില്ല. വഴിയാത്രക്കാർ ഉൾപ്പെട്ട ആവശ്യക്കാർ ഓരോപ്രതി പത്രമെടുത്തുകൊണ്ടു അതിന്റെ വില അവിടെ വച്ചിരിക്കുന്ന പാത്രത്തിൽ ഇട്ടുകൊള്ളും. പൈസ ഇടാതെ ഒരാളെങ്കിലും പത്രമെടുത്തുകൊണ്ടുപോകുകയില്ല. നാണയങ്ങൾ തറയിൽ ചിതറിക്കിടന്നിരുന്നാലും ആരും അതു തൊടുകയില്ല. ഭിവസേന എട്ടും പത്തും പതിപ്പുകൾ അടിക്കുന്ന പത്രങ്ങൾ അനവധിയുണ്ടു. രാവിലെ ഏഴുമണിമുതൽ രാത്രി പത്തുമണിവരെയും മണിക്കൂറുതോറും പുതിയ പുതിയ പത്രങ്ങൾ കിട്ടിക്കൊണ്ടിരിക്കും. ഒരു പത്രത്തിന്റെ രണ്ടാമത്തെ പതിപ്പു തയാറാകുമ്പോഴേക്കും ആദ്യപതിപ്പിന്റെ പ്രതികൾ മുഴുവൻ വിറ്റുകഴിയുന്നു.

അദ്ധ്യയന ഭിവസങ്ങളിലെ വിശ്രമവേളയിൽ അടുത്ത ആപ്പീസുകളിലൊ തൊഴിൽ ശാലയിലൊ വേലചെയ്തു രണ്ടോ മൂന്നോ ഡാളർ സമ്പാദിക്കാം. വിദ്യാർത്ഥികളിൽ മിക്കവരും വിശ്രമാവസരങ്ങളെ വ്യർത്ഥമാക്കാതെ ഇപ്രകാരം തൊഴിൽചെയ്തു പണം സമ്പാദിക്കുന്നതിനാൽ അവർക്കു പണത്തിനു ബുദ്ധിമുട്ടുണ്ടാകുന്നില്ല. ധനവാന്മാരുടെ കുട്ടികളുടെ മടിശ്ശീല മാസാന്ത്യമാകുമ്പോഴേക്കും മിക്കവാറും ഒഴിഞ്ഞിരിക്കും. എന്നാൽ പാവപ്പെട്ടവരുടെ കുട്ടികളുടെ പക്കൽ എപ്പോഴും പണമുണ്ടായിരിക്കും. ഭക്ഷണശാലകളിലും കച്ചവടസ്ഥലങ്ങളിലും സാമാനങ്ങൾ എടുത്തുകൊടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടു പണം സമ്പാദിക്കുന്ന വിദ്യാർത്ഥികൾ അപൂർവ്വമല്ല. ഇവർക്കു ഭൈമുതൽ ൧൦൦ വരെ ഡാളർ കിട്ടുന്നു. ഒരു ഡാളർ രണ്ടേമുക്കാൽ രൂപായ്ക്കു തുല്യമാണു. അവിടത്തെ ഒരു ഭക്ഷണശാലയിൽ സമർത്ഥനായ ഒരു വെയിറരെ കണ്ടു. എനിക്കാവശ്യമുള്ള സാധനങ്ങൾ തന്നശേഷം എന്റെ രാജ്യമേതെന്നു ചോദിക്കയും ഞാൻ ഇൻഡ്യാക്കാരനാണെന്നു മറുപടി പറകയുംചെയ്തു. അദ്ദേഹം ഏതുനാട്ടുകാരനാണെന്നാണെച്ചിച്ചതിനു തിരുവിതാംകൂർകാരനെന്നാണു മറുപടി

കിട്ടിയതു. പിന്നീടു ഞങ്ങൾ തമ്മിൽ മലയാളത്തിലാണു സംഭാഷണം നടത്തിയതു. ആ മാന്യൻ ഇവിടത്തെ ഹൈക്കോടതിയിലെ ഒരു വക്കീലായിരുന്നുവെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. കൊളംബിയാ യൂണിവേഴ്സിറ്റിയിൽനിന്നും രണ്ടായിരം ഡാളർ പ്രതിഫലം വാങ്ങിക്കൊണ്ടിരുന്ന ഒരു മലയാളിയെപ്പറ്റി അറിയുന്നതു നമുക്കു അഭിമാനകരമായിരിക്കും.

അമേരിക്കയ്ക്കു പ്രായേണ ഗവർമ്മേൻറുദ്യോഗങ്ങളിൽ ഭ്രമമില്ല. ഓരോ സംസ്ഥാനത്തെയും ഗവർണ്ണരന്മാരുടെ ഉദ്യോഗകാലാവധി മൂന്നു കൊല്ലത്തേക്കാണ്. ഓരോ പുതിയ ഗവർണ്ണരന്മാരും അവരുടെ കക്ഷിയിൽപെട്ട ആളുകളെ ജോലിയിൽ നിയമിക്കുന്നതിനാൽ ഉദ്യോഗം അത്ര സ്ഥിരമായിട്ടുള്ള ഒന്നല്ല. ഇതിനു പുറമെ ധനസമ്പാദനത്തിനു ഉദ്യോഗജീവിതത്തെക്കാൾ ഇതരതൊഴിലുകളാണു അധികം സഹായിക്കുന്നതു. ഗവർമ്മേൻറുദ്യോഗസ്ഥന്മാർ അധികവും അന്ത്യകാലത്തിൽ ദരിദ്രന്മാരായിട്ടാണു കാണപ്പെടുന്നതു. ഇവിടത്തെ സ്ഥിതിയും ഏറെക്കുറെ അങ്ങിനെയാണല്ലൊ. അവിടെ അവർക്കു പെൻഷനുമില്ല.

ഉദ്യോഗസ്ഥന്മാർക്കു സ്വാഭിപ്രായം പറയുന്നതിനും പത്രങ്ങളിൽ എഴുതുന്നതിനും യാതൊരു പ്രതിബന്ധവുമില്ല. വിദ്യാർത്ഥികളും ഭാവി പൗരന്മാരായി തിരേണ്ടവരാകയാൽ അവരും രാഷ്ട്രീയ കാര്യങ്ങളിൽ വേണ്ടവിധം പങ്കെടുക്കുന്നു. യാചകത്വം ഒരു ശാപമായിട്ടാണു അവർ വിശ്വസിക്കുന്നതു. യാചനം നിയമംമൂലം തടയപ്പെട്ടിരിക്കുന്നു. അംഗഭംഗപ്പെട്ടവരുടെ സംരക്ഷണത്തിനു പ്രത്യേക മന്ദിരങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

സമരംകൊണ്ടു സ്വാതന്ത്ര്യം സമ്പാദിച്ചവർക്കു ഭാരതീയരുടെ സ്വാതന്ത്ര്യലബ്ധിയിൽ അനുകമ്പയുണ്ടായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. എന്നാൽ ചില എതിരഭിപ്രായക്കാരും ഇടക്കില്ലാതില്ല. ഒരു ക്രൂലിക്കാരൻറെ കൂറഞ്ഞ ശമ്പളം പ്രതിദിനം ഏഴു ഡാളർ (ഇരുപതു രൂപ)യാണ്.

പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ അത്രതന്നെ വെറുപ്പും നിന്ദയുമില്ലെങ്കിലും കറുത്ത ജാതിക്കാരോടു സമഭാവനയോടെ

വത്തിക്കുന്നതിനു വൈമുഖ്യമുള്ള ക്ലർക്കർ അവിടെയുണ്ട്. എന്റെ ഒരു സ്നേഹിതൻ നാടകശാലയിലേക്കു ടിക്കറ്റു വാങ്ങിച്ചശേഷം അയാൾ കറുത്ത വർഗ്ഗക്കാരനാകയാൽ ടിക്കറ്റു മടക്കികൊടുക്കേണ്ടതായിവന്നു. അതുപോലെതന്നെ ഒരു ഉദ്യാനത്തിൽ നിന്നും ഇതേ കാരണത്താൽ ഒരാൾ ബഹിഷ്കൃതനായതായറിയാം എങ്കിലും മനുഷ്യസമുദായത്തിനുണ്ടായിരിക്കേണ്ട പല വിശിഷ്ടഗുണങ്ങളും അമേരിക്കയ്ക്കുണ്ടെന്നുള്ള വിശിഷ്ട സംഗതി സവിശേഷം സ്മരണീയമാണ്. ന. ദീപിക.

വ്യവസായകുറിപ്പുകൾ.

വിനാകരി. Vinegar, Acid Acetic Dil.

വ്യവസായ ശാലകളിലും ഔഷധാലയങ്ങളിലും അടുക്കളകളിലും ഇതിനൊരു നല്ല സ്ഥാനം ലഭിച്ചിട്ടുണ്ട്. ഈ നാട്ടുകാരുണ്ടാക്കുന്ന വിനാകരിയ്ക്കു വീര്യവും ഗുണവും വളരെ കുറവായിട്ടാണു പ്രായേണ കണ്ടുവരാറുള്ളതു. അതിനുള്ള കാരണം വേണ്ട വിധമുണ്ടാക്കാൻ അറിയാത്തതായിരിക്കണം. നല്ല വിനാകരി (ചെക്കു) യുണ്ടാക്കാനുള്ള ക്രമമാണു താഴെ ചേർത്തിരിക്കുന്നതു്. പല സാധനങ്ങൾകൊണ്ടും വിനാകരി നിർമ്മിക്കാറുണ്ടു്. കള്ളുകൊണ്ടും മുന്തിരിങ്ങാകൊണ്ടുമുണ്ടാക്കുന്ന വിധത്തേപ്പറ്റിയാണു് ഇവിടെ പറയാൻ പോകുന്നതു്.

൧. വെള്ളം ലേശംപോലും ചേരാത്ത പന്ത്രണ്ടു കുപ്പി കള്ളു ഒരു കൽഭരണിയിൽ ഒഴിച്ചു നല്ലപോലെ മൂടിക്കെട്ടി ചൂടുള്ള ഒരു സ്ഥലത്തു പതിനാലു ദിവസം സൂക്ഷിക്കുക. അതിന്റെ ശേഷം മുഴുക്കെ നെല്ലു് കരിയുന്നതുവരെ വറുത്തു ഒരു നല്ല തുണിയിൽകെട്ടി ഭരണിക്കകത്തിട്ടു വീണ്ടും നല്ലപോലെ മൂടിക്കെട്ടി

വെച്ചുകൊള്ളണം. രണ്ടാഴ്ച കഴിയുമ്പോൾ അരിച്ചെടുത്തു കുപ്പിയിലാക്കി സൂക്ഷിക്കുക. ഇതിൽനിന്നും ആവശ്യംപോലെയെടുത്തു ഉപയോഗിക്കാം.

൨. പത്തു സേർ ഉണക്ക മുന്തിരിങ്ങാ (Raisins) നല്ലപോലെ കഴുകി ഒരു മണ്ണാത്തിലാക്കി പത്തു സേർ വെള്ളവുമൊഴിച്ചു വേവിയ്ക്കണം. വെന്താൽ ഇറക്കിവെച്ചു പന്ത്രണ്ടു മണിക്കൂർ കഴിയുമ്പോൾ നല്ലപോലെ തിരുമ്മി പിഴിഞ്ഞരിയ്ക്കണം. പിന്നീട് ഒരു വാവിസ്താരമുള്ള ഭരണിയിൽ അതൊഴിച്ചു മൂടിക്കെട്ടി വെയിലും മഞ്ഞും കൊള്ളുന്ന ഒരു സ്ഥലത്തു സൂക്ഷിക്കുക. പാടകെട്ടുമ്പോൾ അതു അരിച്ചെടുത്തു കളയണം. പാടയുണ്ടാകാതാകുന്നതുവരെ ഈ പ്രവൃത്തി ആവർത്തിക്കേണ്ടതാണ്. നിർദ്ദോഷം പാടയില്ലെന്നു കണ്ടാൽ അരിച്ചു കുപ്പികളിലാക്കാം.

മുന്തിരിങ്ങാപ്പഴം (Grapes) ചുണ്ണാമ്പും ചവക്കാരവും കലക്കിയ വെള്ളത്തിൽ പുഴുങ്ങി വെയിലത്തൊണക്കിയെടുക്കുന്നതാണ് ഉണക്ക മുന്തിരിങ്ങായെന്നു ഇവിടെ പറഞ്ഞിരിക്കുന്നതു. ഇതുതന്നെയാണു അങ്ങാടിയിൽ വാങ്ങാൻ കിട്ടുന്നതും.

ഒരു സേർ (തൂക്കം) = ൨൫ രൂപാത്തൂക്കം.

ഒരു സേർ (അളവു്) = ൧൦ ഔൺസ്.

അസെററിക്ക് ആസിഡ് (Acetic Acid) കടുപ്പമുള്ള വിനാകരിയാണ്. അതിനോടു ഏഴിരട്ടി ശുദ്ധ ജലം (soft water) ചേർത്താൽ നല്ല വിനാകരി കിട്ടും.

൫൦ ഗാലൻ കൊള്ളുന്ന ഒരു വീപ്പയിൽ ൫ റാത്തൽ അസെററിക്ക ആസിഡും ഒരു ഗാലൻ ശർക്കരയും (molasses) ബാക്കി വാററിയ (Distilled) വെള്ളവും നിറച്ചു നല്ലപോലെ കലക്കി സൂക്ഷിക്കുക. രണ്ടു മൂന്നാഴ്ച കഴിയുമ്പോൾ അതെടുത്തു ഉപയോഗിക്കാം. വളരെ സ്വാദുള്ള വിനാകരിയാണ് ഇതു്.

ജാലവിദ്യകൾ.

ജാലസർപ്പം. Magic serpent.

ഇതു് അങ്ങാടിയിൽ വാങ്ങാൻ കിട്ടുന്നതും മിഠായിയുടെ ആകൃതിയിലുള്ളതുമായ ഒരു സാധനമാണു്. ഇതിനു് ഒരു തീപ്പെട്ടിക്കോൽ കുത്തിച്ചുവെച്ചാൽ ഒരു പാമ്പു് അതിൽ നിന്നും ഇഴഞ്ഞു വരുന്നതു് കാണാം. അമ്മോണിയം സൽഫോസൈനയിഡ് (Ammonium sulphocyanide) എന്ന പൊടി അല്പം ത്രാഗാക്കാന്തു് പശ (Tragacanth mucilage)കലക്കിയ വെള്ളം ചേർത്തു ഉരുട്ടി ഉണക്കിയെടുക്കുന്നതാണു് ഈ 'ജാലസർപ്പം'.

ചെമ്പരുത്തിപ്പൂവു് വെണ്ണരുത്തിപ്പൂവാകും.

ചെമ്പരുത്തിയുടെ പൂവു് സ്വതേ ചുവന്നതാണല്ലൊ. അല്പം ഗന്ധകം പൊടിച്ചു തീയിലിട്ടു പുകയേല്പിച്ചാൽ ഉടനെ പൂവു് വെള്ളനിറമാകും. പിന്നീടു ചുവന്ന നിറമാകണമെങ്കിൽ ആ പൂവു് ഗന്ധകദ്രാവകം കലർന്ന വെള്ളത്തിൽ മുക്കിയാൽമതി.

നട്ടയുടൻ മുളയ്ക്കുന്ന ചീരയരി.

കോഴിമുട്ടയെടുത്തു രണ്ടു തലയ്ക്കലും ചെറിയ ഓരോ ദ്വാരങ്ങളുണ്ടാക്കി അകത്തുള്ളതെല്ലാം ഇളക്കി ഊതിക്കളഞ്ഞു ശുദ്ധമാക്കി ഉണക്കിയശേഷം ചീരയരി അതിൽ നിറച്ചു ദ്വാരം മെഴുകുവെച്ചടച്ചു കൊത്താൻ വെയ്ക്കുന്ന കോഴിമുട്ടയുടെ ക്രട്ടത്തിൽ വെച്ചു കുഞ്ഞുവിരിയുമ്പോൾ ചീരയരി നിറച്ചു മുട്ടയെടുത്തു അരി സൂക്ഷിച്ചുവെച്ചുകൊൾക. അതിൽനിന്നും കുറെയരിയെടുത്തു മണ്ണു കിളച്ചിട്ടു വെള്ളം തളിച്ചാൽ അരമണിക്കൂറിനു മുമ്പു അതു് മുളച്ചു ഇലയായി നില്ക്കുന്നതു കാണാം.

കുറിപ്പുകളും വാർത്തകളും.

ലത്തറാൻ ഉടമ്പടി ദിവസം.

ഇറ്റലിയും വത്തിക്കാനും തമ്മിൽ സമാധാന ഉടമ്പടി നടന്ന ഫെബ്രുവരി ൧൧-൦൦ നു- രാജ്യം മുഴുവനിലും ഒഴിവുദിവസമായി പ്രതിവർഷം സ്വീകരിക്കണമെന്നുള്ള ബിൽ ഇറാല്യൻ പ്രതിനിധിസഭയിൽ പാസ്സായിരിക്കുന്നു. സെപ്തമ്പർ ൨൦-൦൦നു- മേലാൽ ആചരിക്കേണ്ടതില്ലെന്നും ബില്ലിലുണ്ട്. ഇതേപ്പറ്റി ഗരിബാൽഡി എന്ന സമാജികൻ വിചിന്തിതാഭിപ്രായം പുറപ്പെടുവിച്ചപ്പോൾ സെപ്തമ്പർ ൨൦-൦൦നു- മതവിരോധികങ്ങളായ പ്രവൃത്തികൾക്കുള്ള ദിനമായി കാണപ്പെട്ടുവെന്നും ആ അവസ്ഥ തുടർന്നു കൊണ്ടു പോകുന്നതിലേക്കു അനുവദിപ്പാൻ പാടില്ലെന്നും സിഞ്ഞോർ മുസ്സോലീനി യുക്തിപൂർവ്വം മറുപടി കൊടുക്കുകയുണ്ടായി.

ഇംഗ്ലണ്ടിലെ കഴിഞ്ഞ കൊല്ലത്തെ സ്ഥിതിവിവരക്കണക്ക്.

ഇക്കഴിഞ്ഞ കൊല്ലം ഇംഗ്ലണ്ടിലും വെയിത്സിലും നിന്നു ൧൨,൦൦൦ പേർ കത്തോലിക്കാസഭയിൽ ചേർന്നിട്ടുണ്ട്. കഴിഞ്ഞ കൊല്ലത്തെ ൧൮൨൯ നവമതാനുയായികളുടെ ഇപ്പോഴത്തെ വർദ്ധനയുടെ പട്ടിക്കാരുണ്ട്. പുതുതായി പണിയിച്ച പള്ളികളും മറ്റും പള്ളിക്കൂടങ്ങളും ൩൦-മാണ്. ഇക്കഴിഞ്ഞ പത്തു കൊല്ലങ്ങളിലായി (൧൯൨൦-൧൯൩൦) ൧൨൫൯ പേരാണ് അവിടെ കത്തോലിക്കാമതം സ്വീകരിച്ചതെന്നും ൧൯൩൧-ലെ ഡയരക്ടറിയിൽ കാണുന്നു.

ഐ. സി. — ദാനിയേൽ അപകീർത്തി കേസ്.

ഇക്കഴിഞ്ഞ ധനു മാസം ൨൦-ാം തീയതി ചൊവ്വാച്ച മജിസ്ട്രേട്ട വാൾപരം പുറങ്ങളുള്ളതായ ജഡ്ജുമെൻറു കയ്യിലെടുത്തു കൊ

ണ്ടു താഴെക്കാണും പ്രകാരം വിധിപ്രസ്താവിച്ചു.

"ഈ കേസിൽ വാദിഭാഗത്തുനിന്നും കൊടുത്തിട്ടുള്ള തെളിവുകളും അന്വേഷിച്ചു നോക്കുമ്പോൾ പ്രതികൾ നിർദ്ദോഷികളെന്നു കാണുന്നതിനാൽ തിരുവിതാംകൂർ ക്രിമിനൽ നടപടിക്രമം ൨൫൦-ാം വകുപ്പിൻ പ്രകാരം വാദിയുടെ ഈ കേസ് തള്ളി തീരുമാനിച്ചിരിക്കുന്നു."

സഞ്ചാരസ്വാതന്ത്ര്യം.

മാള എന്ന സ്ഥലത്തു യഹൂദന്മാരും മുസിലിമുകളും യോജിച്ചു ക്രിസ്ത്യാനികളുടെ ഗതാഗതസ്വാതന്ത്ര്യം തടയുന്നതിനു കുറെ നാളായി ശ്രമിച്ചു വരികയായിരുന്നല്ലൊ. ക്രിസ്ത്യാനികൾക്കു ശവസംസ്കാരത്തിനു തങ്ങളുടെ പള്ളിയിലേക്ക് ഗവർമ്മേണ്ടുവക നിരത്തിൽ കൂടി മൃതശരീരം കൊണ്ടുപോകുന്നതിനു യഹൂദപ്രേട്ടികളുടെ തടസ്സം നിമിത്തം നിവൃത്തിയില്ലാതെയായി. പുതിയ ദിവാൻ മി. സി. ജി. ഹെർബ്ബട്ട് വിവാഹറോഡ് സന്ദർശിക്കയും ഇരുകൂട്ടരുടേയും വാദങ്ങൾ കേൾക്കയും ചെയ്തശേഷം പ്രസ്തുത റോഡിൽ നാനാജാതിക്കാർക്കും സഞ്ചാരസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു തീരുമാനിച്ചു. ആ റോഡിൽ സമാധാനലംഘനമുണ്ടാകാതിരിക്കാൻ തക്കവണ്ണം പോലീസ് കമ്മീഷണർ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളുന്നതിനും കല്പനയുണ്ടായിട്ടുണ്ട്.

തെങ്ങിൻ പുഷ്പാദിഎണ്ണ.

ജനുവരിലക്കത്തിൽ ചേർത്തിരുന്ന എണ്ണയുടെ കുറിപ്പിൽ നിന്നും വ്യത്യാസപ്പെട്ടതാണു് ദേവസ്സിവൈദ്യരുടേ യോഗമെന്നറിയുന്നു. മേൽവിലാസം കൊടുക്കുന്ന വൈദ്യന്മാർക്ക് വിലകൂടാതെ രണ്ടു ഔൺസും മറ്റുള്ളവർക്ക് ഒരണയുടെ തപ്പാൽസ്റ്റാമ്പയച്ചുകൊടുത്താൽ ഒരൗൺസും എണ്ണ പരീക്ഷാർത്ഥംഅയച്ചു കൊടുക്കുന്നതാണെന്നു അലപ്പാട്ട് താരു ദേവസ്സി വൈദ്യർ, ധർമ്മായുർവ്വേദ വൈദ്യശാല, വലപ്പാട് പോസ്റ്റ് ഏസ്സ്. മലബാർ ഇവിടെ അറിയിച്ചിരിക്കുന്നു.